ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ
പ്രത്യേക പതിപ്പ് | മെയ് 2020

# ഹരിതമൈത്രി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഗവേഷണസ്ഥാപനം | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് | "ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്"

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഐ.ആർ.ടി.സി പിന്തുണ


## ഉറവിട മാലിന്യസംസ്കരണത്തിൽ ഉയരുന്ന പുതുമാതൃകകൾ

നവകേരള സൃഷ്ടിക്കായുള്ള സർക്കാരിന്റെ നാലു മിഷനുകളിൽ സുപ്രധാനമായ ഒന്നാണ് ഹരിതകേരളം. മാലിന്യസംസ്കരണം ജല സംരക്ഷണം കൃഷി വ്യാപനം എന്നീ ലക്ഷ്യങ്ങളുമായി സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് വേണ്ട പദ്ധതികൾ നടപ്പാക്കുകയാണ് ഹരിതകേരളം മിഷനിലൂടെ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വികേന്ദ്രീകൃതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ പിന്തുണാ സംവിധാനം ഒരുക്കുന്നതിനാണ് ഹരിതസഹായ സ്ഥാപനങ്ങളെ വിഭാവനം ചെയ്തിട്ടുള്ളത്.

മാലിന്യസംസ്കരണത്തിൽ പ്രധാന ചുമതലാവാഹകരും നടത്തിപ്പുകാരുമായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വേണ്ട പരിശീലനം മുതൽ പ്രാദേശികമായി ആവശ്യമായ സാങ്കേതികവും ശാസ്ത്രീയവും ആയ എല്ലാ അറിവുകളും ഹരിത സഹായ സ്ഥാപനങ്ങൾ കൈമാറുന്നു. അത്തരത്തിൽ കേരളത്തിലെ 120ഓളം വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഹരിത സഹായ സ്ഥാപന



ഹരിത പ്രോട്ടോക്കോളുകളുടെ ഭാഗമായുള്ള സ്റ്റീൽ പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസുകൾ എന്നിവയുടെ വിതരണോദ്ഘാടനം എം.എൽ.എ സി. മമ്മൂട്ടി തിരൂരിൽ നിർവ്വഹിക്കുന്നു



മായി പ്രവർത്തിച്ച് വരികയാണ് ഐ.ആർ.ടി.സി. കേരളത്തിൽ ഏറ്റവുമധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.ആർ.ടി.സി സാങ്കേതികസഹായം നൽകിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ ഓരോ വാർഡിനെയും അമ്പതു മുതൽ നൂറു വരെ വീടുകൾ അടങ്ങുന്ന സൌകര്യപ്രദമായ ക്ലസ്റ്ററുകളായി തിരിച്ചു. ഓരോ ക്ലസ്റ്ററിനും ക്ലസ്റ്റർ കമ്മിറ്റി രൂപീകരിച്ചു. ക്ലസ്റ്ററുകളുടെ കൺവീനർ, ചെയർമാൻ എന്നിവരെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ കമ്മിറ്റി. അങ്ങനെ ക്ലസ്റ്റർ തലം, വാർഡ് തലം, പഞ്ചായത്ത് തലം എന്നീ മൂന്ന് തട്ടിൽ കമ്മിറ്റികൾ രൂപീകരിച്ചത് പ്രവർത്തനങ്ങൾ സുഗമമാക്കി. താഴെ തട്ടിലേക്ക് വരെ ആശയ വിനിമയം നടത്താനും ഇതിന്റെ ഗുണങ്ങൾ ലഭ്യമാക്കാനും സാധിച്ചു. നിരന്തരമായി യോഗങ്ങൾ സംഘടിപ്പിച്ച് പൊതുജന പങ്കാളിത്തത്തോടെ ആ പ്രദേശത്തിന്റെ സമ്പൂർണ പാരിസ്ഥിതിക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാനാണ് ശ്രമിച്ചത്.

2019 പകുതിയോടെയാണ് ഐ.ആർ.ടി.സി. ഈ രംഗത്ത് സജീവമായി പ്രവർത്തിക്കാൻ ആരംഭിക്കുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രത്യേകം അസിസ്റ്റന്റ് കോർഡിനേറ്റർമാരെയും ടെക്നിക്കൽ അസിസ്റ്റന്റുമാരെയും ഐ.ആർ.ടി.സി. നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, മൂന്ന് റീജ്യണൽ കോർഡിനേറ്റർമാർ സംസ്ഥാനമൊട്ടാകെയുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നു. കോർഡിനേറ്റർമാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകി അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉയർന്നു വരുന്ന വിവിധ ആവശ്യങ്ങൾക്ക് അനുസരിച്ച് സ്ഥാപനങ്ങൾക്കും വീടുകൾക്കും അനുയോജ്യമായ മാലിന്യസംസ്കരണ ഉപകരണങ്ങളും രീതികളും ഒരുക്കിക്കൊടുക്കുന്നതിനുള്ള ദൌത്യവും ഐ.ആർ.ടി.സി ഏറ്റെടുക്കുന്നു. പ്ലാസ്റ്റിക്കും മറ്റ് അജൈവമാലിന്യങ്ങളും ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ വീടുകളിൽ നിന്ന് ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നു. അത് കൃത്യമായി വേർതിരിച്ച് സംസ്കരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ അവരുടെ നേതൃത്വത്തിൽ നടത്തുന്നു. നിശ്ചിതമായ ഒരു യൂസർ ഫീ ഈടാക്കുന്നതിലൂടെ ഹരിതകർമ്മ സേനയ്ക്ക് പ്രവർത്തനങ്ങൾക്ക് ആവശ്യമായ വരുമാനം കണ്ടെത്താം. മാലിന്യങ്ങൾ വില്പന നടത്തുന്നത് വഴിയും ധനസമാഹരണം നടത്താം. ഇതിനാവശ്യമായ പരിശീലനങ്ങൾ ഹരിത കർമസേനാംഗങ്ങൾക്ക് ഐ.ആർ.ടി.സിയാണ് നൽകിയത്.

പത്ത് ശതമാനം തുക മാലിന്യസംസ്കരണത്തിന് ഉപയോഗിക്കണം എന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുയോജ്യമായ രീതിയിൽ അല്ല ഈ തുക വിനിയോഗിച്ചത്. ഐ.ആർ.ടി.സി നേരിട്ട വെല്ലുവിളിയും അതായിരുന്നു. എന്നാൽ ചുരുങ്ങിയ സമയം കൊണ്ട് ദിശാബോധമുള്ള പ്രവർത്തനങ്ങളിലൂടെ പുതിയ മാതൃകകൾ സൃഷ്ടിക്കാൻ ഐ.ആർ.ടി.സി.ക്ക് കഴിഞ്ഞു.

> "ശാസ്ത്രീയ മാലിന്യ സംസ്കരണം സാധ്യമാകണമെങ്കിൽ നാം ഇതുവരെ സ്വീകരിച്ച രീതിയിൽ വ്യത്യാസം വരുത്തിയേ മതിയാകൂ. വലിയ രീതിയിലുള്ള പ്രചാരണ- ബോധവത്കരണ പ്രവർത്തനങ്ങൾ ഇതിനാവശ്യമാണ്. അതോടൊപ്പം തന്നെ ബദൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വേണം. ഇതിന് ഭൗതിക സൗകര്യങ്ങളോടൊപ്പം പരിശീലനം സിദ്ധിച്ച ഹരിതകർമ്മസേനയും ആവശ്യമാണ്. ഹരിതകർമ്മസേനയെ സ്വയം പര്യാപ്തമാക്കുന്നതിലാണ് ഐ.ആർ.ടി.സി കൂടുതൽ ശ്രദ്ധിച്ചത്."
>
> – ടി.പി. ശ്രീശങ്കർ
> സംസ്ഥാന കോർഡിനേറ്റർ
> ഹരിതസഹായ സ്ഥാപനം, ഐ.ആർ.ടി.സി.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഐ.ആർ.ടി.സി. പങ്കാളിത്തം

ഹരിതകേരളം മിഷൻ

| | |
|---|---|
| 118 | നിലവിൽ കരാർ ഒപ്പു വച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 1 | കോർപ്പറേഷൻ |
| 19 | മുനിസിപ്പാലിറ്റികൾ |
| 98 | ഗ്രാമപഞ്ചായത്തുകൾ |

എഡിറ്റോറിയൽ

# മാലിന്യസംസ്കരണം; മാറ്റങ്ങളൊരുക്കി ഐ.ആർ.ടി.സി

**മാലിന്യ** പരിപാലനത്തിന്റെ മുഖ്യ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കാണ്. അതെങ്ങനെ ശാസ്ത്രീയവും ഫലപ്രദവുമായി നടപ്പിലാക്കാം എന്ന അന്വേഷണം കേരളത്തിൽ ആരംഭിച്ചിട്ട് മൂന്ന് പതിറ്റാണ്ടെങ്കിലുമായി. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ അന്വേഷണം കൂടുതൽ ശക്തിപ്പെട്ടു. കേരളത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ച സ്ഥാപനമാണ് ഐ.ആർ.ടി.സി. ചാലക്കുടി, പാലക്കാട്, ആലപ്പുഴ മുൻസിപ്പാലിറ്റികളിലെ പ്രവർത്തനാനുഭവം ഐ.ആർ.ടി.സിക്ക് കൂടുതൽ കരുത്തും ആത്മവിശ്വാസവും നൽകി. ഇതിന്റെ പിൻബലത്തിലാണ് തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ വിഷയത്തിൽ വിശദമായ പരിശീലനം നൽകാൻ ഐ.ആർ.ടി.സിക്ക് കഴിഞ്ഞത്. ഹരിതകേരള മിഷന്റെ ഭാഗമായി സമഗ്ര മാലിന്യപരിപാലന പദ്ധതി തയ്യാറാക്കിയപ്പോൾ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളും ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി തിരഞ്ഞെടുത്തത് ഈ പശ്ചാത്തലത്തിലാണ്. ഏറ്റെടുത്തത് വലിയ ദൗത്യമാണെങ്കിലും അത് നടപ്പിലാക്കുന്ന കാര്യത്തിൽ ഐ.ആർ.ടി.സിക്ക് ആശങ്കകൾ ഉണ്ടായിരുന്നില്ല.

ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പ്രത്യേകതകൾക്കനുസരണമായി ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾ രൂപപെടുത്തിയതെങ്കിലും ചില പൊതുവായ രീതികൾ ഐ.ആർ.ടി.സി അവലംബിച്ചിരുന്നു. മാലിന്യപരിപാലനത്തിന്റെ ആവശ്യകതയും, ശാസ്ത്രീയ സംസ്കരണത്തിന്റെ രീതികളും മുഴുവൻ ആളുകളിലേക്കും എത്തിക്കുന്നതിനായി റസിഡന്റ് അസോസിയേഷനുകൾ വഴിയും അതില്ലാത്ത ഇടങ്ങളിൽ വാർഡ് തല/ഡിവിഷൻ തല ക്ലസ്റ്ററുകൾ വഴിയും പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സ്കൂളുകൾ, കോളേജുകൾ മറ്റുസ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചും പ്രവർത്തനങ്ങൾ നടത്തി. ഉറവിട മാലിന്യസംസ്കരണത്തിൽ ഭൌതിക സൗകര്യങ്ങളുടെ പങ്ക് വളരെ വലുതാണെന്നിരിക്കെ ആവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സംസ്കരണ കേന്ദ്രങ്ങളിലെത്തിച്ചു. പരിശീലനങ്ങളിലൂടെ ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തി. അങ്ങനെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനാവശ്യമായ മുന്നൊരുക്കങ്ങളെല്ലാം ഐ.ആർ.ടി.സി. മാർഗനിർദേശങ്ങൾ നടത്തി.

ഇത്രെയൊക്കെ ആണെങ്കിലും പല തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയും പ്രവർത്തന വഴിയിൽ ഐ.ആർ.ടി.സി. നേരിട്ടു. കരാറിൽ ഒപ്പു വെച്ച ചില തദ്ദേശ സ്ഥാപനങ്ങൾ യഥാസമയം കൺസൾറ്റേഷൻ ഫീ കൈമാറിയിട്ടില്ല. വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് മുഴുവൻ തുകയും കൈമാറിയിട്ടുള്ളത്. എന്നിരുന്നാലും കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കഴിയുന്ന ഈ ഉദ്യമത്തിൽ നിന്ന് ഞങ്ങൾ പിന്മാറിയില്ല. കൂട്ടായ ശ്രമങ്ങളിലൂടെ മാത്രമേ മാലിന്യസംസ്കരണ രംഗത്ത് വിജയ മാതൃകകൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ . ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നല്ലതു പോലെ മുൻകൈ എടുത്ത് പ്രവർത്തനം നടത്തുകയും സഹകരിക്കുകയും ചെയ്ത എല്ലായിടത്തും മാലിന്യപരിപാലന രംഗത്ത് മെച്ചപെട്ട സംവിധാനങ്ങൾ രൂപപ്പെട്ടു വന്നിട്ടുണ്ട്. അത്തരം ചില മാതൃകകളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. കുറ്റമറ്റ രീതിയിൽ ഇവയെ വികസിപ്പിച്ച് സ്വയം പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. അതോടൊപ്പം മറ്റിടങ്ങളിൽ പരിമിതികൾ പരിഹരിച്ച് മാതൃകാ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും വേണം.

> “മാലിന്യസംസ്കരണ രംഗത്തെ ഐ.ആർ.ടി.സിയുടെ പ്രവർത്തമികവിന് പതിറ്റാണ്ടുകളുടെ ചരിത്രം ഉണ്ട്. ഈ നേട്ടങ്ങളുടെ അംഗീകാരം എന്ന നിലയിൽ മാലിന്യസംസ്കരണ രംഗത്ത് കേരള സർക്കാരിന്റെ അക്രഡിറ്റഡ് സ്ഥാപനവും സെന്റർ ഓഫ് എക്സലൻസ് സ്ഥാപനവുമായി പ്രവർത്തിച്ചു വരികയാണ് ഐ.ആർ.ടി.സി. മാലിന്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് നൽകിവരുന്ന പരിശീലനങ്ങൾ, ഈ മേഖലയിൽ നടത്തുന്ന ഗവേഷണങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെ വിവിധ ഉപകരണങ്ങളുടെ നിർമ്മാണവും വിതരണവും, കൺസൾട്ടേഷൻ ഉൾപ്പെടെ സമഗ്രമായ പ്രവർത്തനങ്ങളാണ് ഐ.ആർ.ടി.സി നടത്തുന്നത്. മെഡിക്കൽ കോളേജുകൾ, എയർപോർട്ടുകൾ എന്നിവയുടേതുൾപ്പടെ കേരളത്തിലുടനീളം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നൽകിവരുന്ന സാങ്കേതിക സഹായവും അത് വഴി ലഭിച്ച അനുഭവസമ്പത്തും ഇത്തരത്തിൽ ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കാൻ ഐ.ആർ.ടി.സിയെ പ്രാപ്തമാക്കി. ”

## ഹരിത അവാർഡിന്റെ തിളക്കത്തിൽ

**ഈ** വർഷത്തെ മുഖ്യമന്ത്രിയുടെ ഹരിത അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ ഐ.ആർ.ടി.സി ഹരിത സഹായം നൽകി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മികച്ച അംഗീകാരങ്ങൾ ലഭിച്ചു. എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് സംസ്ഥാനതലത്തിൽ ഗ്രാമപഞ്ചായത്തുകളിലെ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ബ്ലോക്ക് പഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നീ ബ്ലോക്കുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മുനിസിപ്പാലിറ്റികളിൽ കണ്ണൂർ ജില്ലയിലെ ആന്തൂർ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവർ മൂന്നാം സ്ഥാനം പങ്കിട്ടു. ഐ.ആർ.ടി.സിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ അവാർഡുകൾ പ്രചോദനമായി.

## ഹൈടെക് ആയി ഹരിതകർമ്മ സേന

സാങ്കേതിക സഹായം നൽകി വരുന്ന തദ്ദേശ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനയ്ക്ക് മാത്രമല്ല സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്ന ഹരിതസേനാംഗങ്ങൾക്ക് ശാസ്ത്രീയമായ മാലിന്യ സംസ്കാരത്തെ സംബന്ധിച്ച് പരിശീലനം ഐ.ആർ.ടി.സി.നൽകി . കേരളത്തെ മാലിന്യമുക്തമാക്കുന്നത് ലക്ഷ്യം വെച്ച് കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) നടത്തുന്ന പ്രത്യേക പരിശീലന പരിപാടിയുടെ ഭാഗമായാണ് ഐ.ആർ.ടി.സി ഇത്തരത്തിൽ ഒരു ദൗത്യം ഏറ്റെടുത്തത്. മൂന്ന് ദിവസം വീതമുള്ള 20 ബാച്ചുകളാണ് ഒന്നാം ഘട്ടം കഴിഞ്ഞപ്പോൾ പൂർത്തിയായത്. ആദ്യഘട്ടത്തിൽ എല്ലാ കോർപറേഷനുകളിലെയും തിരഞ്ഞെടുത്ത 65 നഗരസഭകളിലെയും ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകി. ഇതുവരെ 800ലേറെ പേർ പരിശീലനം നേടി. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്ന രീതികൾ, ഖരമാലിന്യങ്ങൾ തിരിക്കേണ്ട വിധം, അവയെ സംബധിക്കുന്ന നിയമങ്ങൾ തുടങ്ങി വ്യക്തിത്വവികസനം ഉൾപ്പെടെ ഉൾക്കൊള്ളിച്ചു കൊണ്ട് സമഗ്രമായ പരിശീലനം ആണ് നൽകി വരുന്നത്. ഹരിതകർമ്മസേനയെ ശാക്തീകരിക്കുക വഴി സമൂഹത്തിലും മാറ്റങ്ങൾ  പ്രതിഫലിക്കാൻ തുടങ്ങി.




Published by Integrated Rural Technology Centre, Mundur, Palakkad | Ph: 0491-2862324, 2862663 | E-mail ID: mail@irtc.org.in
Editor: Akhila M. | Design & Layout: Prajeesh A.



# മാലിന്യസംസ്കരണത്തിൽ
# ആന്തൂർ മാതൃക

**കണ്ണൂർ:** വളപട്ടണം പുഴയുടെ തീരത്ത് തിരുവപ്പനയുടെയും വെള്ളാട്ടത്തിന്റെയും നാട്ടിൽ മാലിന്യസംസ്കരണത്തിന് വിസ്മയകരമായ മുന്നേറ്റത്തിന്റെ പാതയിൽ നീങ്ങുന്ന ആന്തൂർ നഗരസഭ. വിജ്ഞാന വ്യാപനത്തിനും ജനകീയ സംഘടനാ രൂപങ്ങൾക്കും സാങ്കേതിക സംവിധാനങ്ങൾക്കും പ്രാധാന്യമുള്ള പദ്ധതികളൊരുക്കുന്നതിനാണ് നഗരസഭ മുൻകൈയെടുക്കുന്നത്.

ഐ.ആർ.ടി.സി ചുമതലയേൽക്കുമ്പോൾ ഹരിതകർമ സേനാംഗങ്ങൾ അതത് വാർഡുകളിൽ നിന്ന് മാലിന്യശേഖരണം നടത്തുന്ന രീതിയാണ് ഉണ്ടായിരുന്നത്. ആ സമയത്ത് ലഭിച്ച പ്രതിമാസ യൂസർ ഫീ ശരാശരി 1,30,000 രൂപയായിരുന്നു. എല്ലാ വിധ അജൈവ മാലിന്യങ്ങളും ശേഖരിച്ചിരുന്നു എങ്കിലും യഥാസമയം ചെയ്യാതിരുന്നതിനാൽ അത് നഗരസഭയ്ക്ക് വൻ ബാധ്യതയായിരുന്നു.

ഐ.ആർ.ടി.സി ചുമതല ഏറ്റെടുത്തതിന് ശേഷം ഓരോ വാർഡുകളെയും ക്ലസ്റ്ററുകളായി തിരിച്ച് ബോധവത്കരണ ക്ലാസുകൾ നടത്തുകയും ഉറവിട മാലിന്യ സംസ്കരണത്തിന്റെയും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിത കർമ്മസേനയ്ക്ക് നൽകേണ്ട പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് നിരന്തര ബോധവൽക്കരണം നൽകുകയും ചെയ്തു.

ഹരിതകർമസേനയെ പ്രവർത്തന സൗകര്യത്തിനായി 7 അംഗങ്ങൾ വീതമുള്ള 4 ക്ലസ്റ്ററുകളായി പ്രാദേശികാടിസ്ഥാനത്തിൽ തിരിച്ചു. 2019 ഒക്ടോബർ മാസം മുതൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഗ്രൂപ്പായി ശേഖരണത്തിനിറങ്ങി. ഇതോട് കൂടി വരുമാനത്തിൽ വർധനവുണ്ടായി. യൂസർ ഫീ കളക്ഷൻ 2,30,000 രൂപയായി ഉയർന്നു. ഹരിതസേന ശേഖരണത്തിനിറങ്ങുന്നതും ഓരോ മാസവും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ തിയ്യതിയും വിവരങ്ങളുമെല്ലാം പൊതുജനങ്ങളെ അറിയിക്കാനായി ഓരോ വാർഡിലും വാട്സ് ആപ്പ് ഗ്രൂപ്പുകൾ തുടങ്ങി. കൃഷിഭവൻ, മൃഗാശുപത്രി, നഗരസഭ എന്നിവിടങ്ങളിൽ നിന്നുള്ള വാർത്തകൾ കൃത്യമായി അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയതോടെ ഈ ഗ്രൂപ്പ് കൂടുതൽ ജനകീയമായി.

2019 ഒക്ടോബർ 30ന് 'ഭൂമിക ഹരിതകർമ സേന' സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. ഹരിതകർമ്മസേനയ്ക്ക് പൊതുവായി സെക്രട്ടറി പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കുകയും പ്രവർത്തങ്ങൾ സുഗമമാക്കാൻ ക്ലസ്റ്റർ സെക്രട്ടറി പ്രസിഡന്റ്മാരെ തെരഞ്ഞെടുക്കുകയും ചെയ്തു.

ഡിസംബർ 2019-ഓടുകൂടി മാസത്തിൽ ഭൂമിക കാറ്ററിംഗ് രംഗത്തും പ്രാവീണ്യം തെളിയിച്ചു. കുടുംബശ്രീ ദേശീയ സരസ് മേള 2019 ഹരിത പെരുമാറ്റചട്ടം പാലിച്ചു കൊണ്ട് വിജയമാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ഭൂമികയുടെ പ്രവർത്തനം പ്രശംസയേറ്റുവാങ്ങി. കാറ്ററിംഗ് രംഗത്ത് നിന്നും അധികവരുമാനം ലഭിക്കാനും തുടങ്ങി.

പഴന്തുണികൾ മൂലമുള്ള മാലിന്യ പ്രശ്നം രൂക്ഷമായപ്പോഴാണ് അതിൽ നിന്നും മനോഹരമായ ഈടുള്ള പൂച്ചട്ടികൾ സിമന്റ് ചേർത്ത് നിർമിക്കാനുള്ള ഐ.ആർ.ടി.സി നിർദ്ദേശം ഭൂമിക

- **എല്ലാ വാർഡുകളിലും നിന്നായി 28 ഹരിതകർമസേനാംഗങ്ങൾ**
- **യൂസർഫീ വരുമാനം ഉയർന്നു**
- **വാട്സാപ്പ് ഗ്രൂപ്പുകൾ വഴി യഥാസമയം ജനങ്ങളുമായി ആശയവിനിമയം**

ഏറ്റെടുത്തത്. പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ മാതൃകകൾ സ്വീകാര്യമായതോടെ വ്യാവസായികാടിസ്ഥാനത്തിൽ ഇതിന്റെ നിർമാണം തുടങ്ങാനുള്ള ഒരുക്കത്തിലാണ് സേനയിപ്പോൾ.

നഗരസഭാ പരിധിയിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കാനുള്ള സേനയുടെ പ്രവർത്തനങ്ങൾ എടുത്ത് പറയേണ്ടതാണ്. 100 പേരിൽ കൂടുതൽ ആളുകൾ നടക്കുന്ന ചടങ്ങുകൾ വാർഡിൽ നടത്തുന്ന വിവരം സേനാംഗങ്ങൾ മുൻകൂട്ടി നഗരസഭാ ആരോഗ്യ വിഭാഗത്തിൽ അറിയിക്കുകയും തുടർന്ന് ഹരിത പെരുമാറ്റ ചട്ടം പാലിക്കാനഭ്യർത്ഥിച്ചു കൊണ്ടും ആശംസകൾ അറിയിച്ചുകൊണ്ടുമുള്ള കത്ത് വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുകയും ചെയ്യുന്നു. ചടങ്ങിൽ ഏതെങ്കിലും തരത്തിലുള്ള ഹരിത പെരുമറ്റ ചട്ടലംഘനം കണ്ടാലുടൻ നഗരസഭയിൽ അറിയിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാലുടൻ തന്നെ ആരോഗ്യവിഭാഗം ജീവനക്കാർ സ്ഥലം സന്ദർശിക്കുയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം 26 പരാതികൾ ലഭിച്ചതിൽ നിന്ന് ആകെ 68,000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

നഗരസഭാ പരിധിയിലുള്ള മുഴുവൻ സ്കൂളുകളിലും അംഗന വാടികളിലും ജൈവമാലിന്യ സംസ്കരണോപാധികൾ നൽകുകയും അജൈവ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തു. പാതയോരങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. നഗരസഭാ പരിധിയിൽ അജൈവ മാലിന്യ ശേഖരണത്തിനായി 2 തുമ്പൂർമുഴി മോഡൽ എയറോബിക് ബിൻ കമ്പോസ്റ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് നിരോധന ബോധവൽകരണ പ്രതിജ്ഞ എല്ലാ സ്കൂളുകളിലും എടുത്തു. നഗരസഭാ പരിധിയിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സേനാംഗങ്ങൾ നിരോധിക്കപ്പെട്ട സാധനങ്ങളുടെ വിവരങ്ങൾ അടങ്ങിയ നോട്ടീസ് വിതരണം ചെയ്തു.

പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് ബദൽ മാർഗമായി പാഴ്തുണി ഉപയോഗിച്ച് ചെറിയ വിലയിൽ തുണിസഞ്ചികൾ വിതരണം ചെയ്യുന്ന ഷോപ്പ് നഗരസഭാ പരിസരത്ത് ഹരിത കർമ സേനയുടെ നേതൃത്വത്തിൽ തുറന്നു. ഇത് തുണിസഞ്ചികൾ വാങ്ങാനും വിൽക്കാനുമുള്ള ഒരു ഏകോപനകേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.

ഇത് കൂടാതെ "ഇനി ഞാനൊഴുകട്ടെ" പദ്ധതിയിലുൾപ്പെട്ട മൊറാഴ വലിയതോട് ശുചീകരണം, വുമൺ ആൻഡ് ചൈൽഡ് സൂപ്പർസ്പെഷ്യലിറ്റി ആശുപത്രി ശുചീകരണം, പാതയോര ശുചീകരണം തുടങ്ങി വിവിധങ്ങളായ പ്രവർത്തങ്ങളിൽ പങ്കെടുത്തു കൊണ്ട് ഭൂമിക ഹരിതകർമസേന തങ്ങളുടെ കർമ്മോത്സുകത നിരന്തരം തെളിയിച്ചു കൊണ്ടിരിക്കുന്നു.

2020 ഫെബ്രുവരി 4 ന് മൂന്നാം വാർഡായ കാനൂലിനെ യുവശക്തി ക്ലബ്ബിൽ നടന്ന ചടങ്ങിൽ വെച്ച് ആന്തൂർ നഗരസഭ ചെയർപേഴ്സൺ ശ്യാമള ടീച്ചർ സമ്പൂർണ ഹരിത വാർഡായി പ്രഖ്യാപിച്ചു. മുഴുവൻ വീടുകളിലും ജൈവമാലിന്യ സംസ്കരണോപാധികൾ, അടുക്കള തോട്ടം, എല്ലാ വീടുകളും സ്ഥാപനങ്ങളും ഹരിതകർമ സേനയുമായുള്ള സഹകരണം, പൊതുസ്ഥലങ്ങളുടെ ശുചിത്വവും തുടങ്ങിയ മികവുകൾ പരിഗണിച്ചാണ് പ്രഖ്യാപനം നടത്തിയത്. ഇതിന്റെ ഭാഗമായി ഐ.ആർ.ടി.സിയുടെയും ഹരിതകേരള മിഷന്റെയും നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. വാർഡ് കൗൺസിലർ നന്ദനന്റെ വകയായി മുഴവൻ വീടുകൾക്കും 10 വീതം പച്ചക്കറി തൈകളും തുണിസഞ്ചിയും വിതരണം ചെയ്തു.



**ആന്തൂർ നഗരസഭയിൽ ഒഴക്കറോത്ത് സ്ഥാപിച്ച ബോട്ടിൽ ബൂത്തിന്റെ ഉദ്ഘാടനം ചെയർപേഴ്സൺ ശ്യാമള ടീച്ചർ നിർവഹിക്കുന്നു**



# Green പുതുപ്പരിയാരം Clean പുതുപ്പരിയാരം

**പാലക്കാട്:** മാലിന്യ സംസ്കരണത്തിൽ ജി മൈനസ് ഗ്രേഡ്, അതായത് ഏറ്റവും പിന്നിലായിരുന്ന ഏറെ അവഗണന ഏറ്റുവാങ്ങിയ പഞ്ചായത്ത്. എന്നാൽ ഇന്ന് എ ഗ്രേഡും അംഗീകാരങ്ങളുമായി പഞ്ചായത്ത് തലയുയർത്തി നിൽക്കുന്നു. പഞ്ചായത്തിനെ പര്യാപ്തമാക്കിയതോ ഒത്തൊരുമയോടെയുള്ള പഞ്ചായത്ത് അധികാരികളുടെയും ബഹുജനങ്ങളുടെയും പ്രവർത്തനത്തോടൊപ്പം ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായവും. പഞ്ചായത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് പൂജ്യത്തിൽ നിന്നുമായിരുന്നു ഐ.ആർ.ടി.സി അവിടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

ഇന്നിപ്പോൾ ജൈവ-അജൈവ മാലിന്യങ്ങൾക്ക് ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ സംസ്കരണ രീതി അവലംബിച്ച് മാലിന്യസംസ്കരണത്തിൽ ശ്രദ്ധേയമായ മുന്നേറ്റമാണ് പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് കൈവരിച്ചിട്ടുള്ളത്. ഉറവിട മാലിന്യസംസ്കരണ രീതിയിൽ നൂറു ശതമാനം വീടുകളിലും മാലിന്യ സംസ്കരണം ഉറപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചു.

## മാലിന്യസംസ്കരണം

ഗാർഹിക ഉറവിട മാലിന്യ സംസ്കരണത്തിനായി ഇതിനോടകം 40 ബയോഗ്യാസ് പ്ലാന്റുകൾ, 700 പൈപ്പ് കമ്പോസ്റ്റ് ഉപകരണങ്ങൾ, 200 കമ്പോസ്റ്റ് പിറ്റുകൾ എന്നിവ സ്ഥാപിച്ചു. കൂടാതെ 90 ശതമാനം സബ്സിഡിയോടെ 900 പേർക്ക് ബയോബിനുകൾ ആദ്യഘട്ടത്തിൽ വിതരണം ചെയ്തു. ഇതിനായി 18,90,000 രൂപയാണ് പഞ്ചായത്ത് നീക്കിവച്ചത്. കമ്യൂണിറ്റി കമ്പോസ്റ്റിങ്ങിനായി തുമ്പൂർമുഴി പിറ്റ്, വിൻഡ്രോ കമ്പോസ്റ്റിംഗ് അടിസ്ഥാനമാക്കിയുള്ള ഖരമാലിന്യ പ്ലാന്റ് എന്നിവ പ്രവർത്തിക്കുന്നു.

- ജനസംഖ്യ 37, 629
- വിസ്തൃതി- 29 . 56 ച.കി .മീ.
- ആകെ വീടുകൾ 12000
- പൊതുസ്ഥാപനങ്ങൾ 86
- വ്യാപാര വ്യവസായ സ്ഥാപനങ്ങൾ 400
- പ്രതിദിനം ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന് അളവ്
- ജൈവം- 3780 കി.ഗ്രാം
- അജൈവം- 420 കി.ഗ്രാം
- അപകടകരമായ മാലിന്യങ്ങളുടെ ഏകദേശ അളവ്
- ബയോമെഡിക്കൽ മാലിന്യം പ്രതിദിനം 5 മുതൽ 8 കിലോഗ്രാം വരെ

റെസിഡൻഷ്യൽ കോളനികളിൽ മാസത്തിൽ രണ്ടു തവണയും വീടുകളിലും സ്ഥാപനങ്ങളിലും ഒരു തവണയും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. 500 ചതുരശ്ര അടി അടി വലിപ്പമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) ഇതിനായി സ്ഥാപിച്ചിട്ടുണ്ട്.

## മാലിന്യത്തിൽ നിന്ന് വരുമാനം

ഹോട്ടലുകളിൽ നിന്നും കല്യാണമണ്ഡപങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവവ മാലിന്യം സമൃദ്ധി എന്ന പേരിൽ വളമാക്കി വിപണിയിൽ എത്തിക്കുന്നു. പ്രതിമാസം അഞ്ച് ടണ്ണിൽ കൂടുതൽ വളവും യൂസർ ഫീ ഉൾപ്പടെ ഒരു ലക്ഷത്തിൽ അധികം വരുമാനവും ഇതിലൂടെ ലഭിക്കുന്നു.

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പുനഃചംക്രമണം ചെയ്യാൻ കഴിയുന്ന അജൈവ വസ്തുക്കൾ വില്പന നടത്തുന്നതിലൂടെയും വരുമാനം ലഭിക്കുന്നു. പ്ലാസ്റ്റിക് ബദൽ സംവിധാനം ഒരുക്കുന്നതിനായി സ്വയം സഹായ ഗ്രൂപ്പ് രൂപീകരിച്ച് കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തിക്കുന്നു. സാരി തുണി സഞ്ചി തരാം പദ്ധതി ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം പരിപാടികൾക്ക് സ്റ്റീൽ പ്ലേറ്റ് ഗ്ലാസ്സ് എന്നിവ വാടകയ്ക്ക് നൽകിയും, കമ്യൂണിറ്റി ഹാൾ ശുചീകരണം നടത്തിയും വരുമാനം നേടുന്നതിന് ശ്രദ്ധിക്കുന്നു.

നിയമലംഘനം നടത്തിയവർക്കെതിരെ ഉള്ള ശിക്ഷാ നടപടികളുടെ ഭാഗമായി 62000 രൂപ പിഴ ചുമത്തുകയും 55000 രൂപ ഈടാക്കുകയും ചെയ്തു.

## ജനകീയ പ്രവർത്തനങ്ങൾ

ഇതിനോടകം 135 ക്ലസ്റ്റർ യോഗങ്ങളും, വീട്ടുമുറ്റ യോഗങ്ങളും നടത്തി. കൃത്യമായ ബോധവത്കരണം ജനങ്ങളെ പദ്ധതികളിലേക്ക് അടുപ്പിച്ചു. ജനകീയ പ്രതിരോധത്തിലൂടെ തന്നെ പൊതു സ്ഥലങ്ങളിലും മറ്റും മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ സാധിച്ചു. പൊതു സ്ഥലങ്ങളും കവലകളും ശുചിയായി സംരക്ഷിക്കുന്നതിന് ക്ളീൻ പുതുപ്പരിയാരം ടീമിന്റെ സന്ദർശനം നിത്യേന നടത്തിവരുന്നു. പഞ്ചായത്തിൽ 100 ശതമാനം ഹരിത പ്രോട്ടോകോൾ കർശനമാക്കി. 'ക്ളീൻ പുതുപ്പരിയാരം ഗ്രീൻ പുതുപ്പരിയാരം' എന്ന ജനകീയ പദ്ധതിയുടെ വിജയത്തിനു കാരണം ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തമാണ്.

പൂർണമായും ഐ.ആർ.ടി.സി യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജൈവമാലിന്യ പ്ലാന്റ് ഇതിനോടകം ജനശ്രദ്ധ ആകർഷിച്ച് കഴിഞ്ഞു. കിലയുടെ ട്രൈനിങ്ങിന്റെയും മറ്റും ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നും 5000 ത്തിന് മുകളിൽ പേർ പ്ലാന്റിന്റെ പ്രവർത്തന രീതികൾ പഠിക്കാൻ എത്തി. ഐ.ആർ.ടി.സിയുടെ സമീപ പഞ്ചായത്തായ പുതുപ്പരിയാരത്ത് പുതുമാതൃക സൃഷ്ടിക്കാൻ കഴിഞ്ഞതിൽ ഐ.ആർ.ടി.സി പ്രവർത്തകർക്ക് അതുല്യമായ ചാരിതാർത്ഥ്യമുണ്ട്.



പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് പുതുപ്പരിയാരം പഞ്ചായത്തിൽ വെച്ച് നടന്ന പ്രകൃതിസൗഹൃദ പൊതുയോഗം




ഹരിത നിയമസദസ്സുകളുടെ ജില്ലാതല ഉദ്ഘാടനം



# അതിജീവനത്തിന്റെ പാതയിൽ
# ആലത്തൂർ ഗ്രാമ പഞ്ചായത്ത്

**പാലക്കാട്:** ഏറെ വർഷമായി ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ വികസനപാതയിൽ പിന്തുണയുമായി ഐ.ആർ.ടി.സിയുണ്ട്. 'അതിജീവനം' എന്ന പേരിൽ മാലിന്യസംസ്കരണ രംഗത്ത് നടത്തുന്ന മാതൃകാപരമായ പ്രവർത്തനമാണ് ആലത്തൂർ ഗ്രാമപഞ്ചായത്തിനെ ശ്രദ്ധേയമാക്കുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയും ഒത്തൊരുമയോടെ പ്രവർത്തിച്ചുവരുന്നു.

1996ലെ ജനകീയാസൂത്രണ പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിനെത്തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ച 25 ലക്ഷം രൂപ ഉപയോഗിച്ചാണ് പഞ്ചായത്തിൽ ആദ്യമായി 'നന്മ' ഖരമാലിന്യ പ്ലാന്റ് നിർമ്മിച്ചത്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവവും അജൈവവും ആയി തരംതിരിച്ച് ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ നിർമ്മിച്ച വിൻഡ്രോ കമ്പോസ്റ്റിങ് രീതിയിലൂടെ വളമാക്കി വിൽക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണം രീതി പഞ്ചായത്തിൽ ആദ്യമേ ഉണ്ടായിരുന്നു. ഇത്തരത്തിൽ നിർമ്മിക്കുന്ന ജൈവവളം കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു.

2010 ഇൽ നിലവിൽ വന്ന ഭരണ സമിതിയുടെ നേതൃത്വത്തിൽ ഖരമാലിന്യ പ്ലാന്റിൽ ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചു. തുടർന്ന് അജൈവ മാലിന്യങ്ങളെ പൊടിച്ച് റോഡ് നിർമാണത്തിനായി കൈമാറി വരുന്നു. ഇത്തരത്തിൽ രണ്ടര ടണ്ണോളം പ്ലാസ്റ്റിക് പ്രതിവർഷം വിതരണം ചെയ്യുന്നുണ്ട്.

2015 നിലവിൽ വന്ന ഭരണസമിതി കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ പോരായ്മകൾ മനസ്സിലാക്കി ഉറവിട മാലിന്യ സംസ്കരണത്തിലേക്ക് ചുവട് വെച്ചു.

ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം എന്ന നിലയിൽ ഹരിത കർമ്മ സേന അംഗങ്ങളെ തിരഞ്ഞെടുക്കുകയും അജൈവ - ജൈവ മാലിന്യ സംസ്കരണത്തിൽ പരിശീലനം നൽകുകയും ചെയ്തു. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി ആലത്തൂർ പുതിയ ബസ് സ്റ്റാൻഡിനു സമീപത്ത് MCF സ്ഥാപിച്ചു.

ഉറവിട മാലിന്യ ശേഖരണം എന്ന ആശയം വ്യാപിപ്പിക്കുന്നതിനായി പഞ്ചായത്തിൽ ഉടനീളം ജനകീയ ക്യാംപെയ്ൻ നടത്തി. ഇതിനായി പഞ്ചായത്ത് തലത്തിൽ വളണ്ടിയർമാരെ തിരഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്തു. പഞ്ചായത്തിലെ മാലിന്യ സംസ്കരണം അജണ്ടയാക്കി വെച്ചിട്ടുള്ള ഗ്രാമസഭകളിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ രീതി വിശദീകരിക്കുകയും ഹരിതകർമ്മസേന യുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു.

ആലത്തൂർ ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കി മാറ്റുന്നതിനുള്ള പ്രവർത്തന പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം എംഎൽഎ കെ.ഡി. പ്രസേനൻ നിർവഹിച്ചു. 2019 സെപ്റ്റംബർ 27 ന് നടന്ന യോഗത്തിൽ 90% സബ്സിഡിയോടു കൂടി നൽകുന്ന ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെയും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഉപകരണങ്ങളുടേയും വിതരണോദ്ഘാടനം നടത്തി.

തുടർന്ന് പഞ്ചായത്തിൽ മാലിന്യ സംസ്കരണ സംഘാടക സമിതി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡൻറ് ടി.ജി. ഗംഗാധരന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് തല സംഘാടകസമിതിയിൽ ഭരണസമിതി അംഗങ്ങൾ, ആശാ പ്രവർത്തകർ, അംഗനവാടി ടീച്ചർമാർ, പൊതു പ്രവർത്തകർ, യുവജന സംഘടനകൾ എന്നിവർ ഉൾപ്പെടുന്നു. പഞ്ചായത്തിലെ സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഓരോ വാർഡിലും വാർഡ് തല യോഗങ്ങൾ നടത്തുകയും വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ഇത്തരം വാർഡ് തല കമ്മിറ്റികളുടെ നേതൃത്വത്തിൽ ഓരോ വാർഡിനെയും പല ക്ലസ്റ്ററുകൾ ആക്കി തിരിച്ചു. 50 മുതൽ 70 വരെ വീടുകൾ ഉൾപ്പെടുന്ന ഓരോ പ്രദേശത്തിലും ക്ലസ്റ്റർ യോഗങ്ങൾ നടത്തി. ജനങ്ങളെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും എൻറെ മാലിന്യം എൻറെ ഉത്തരവാദിത്വം എന്ന ആശയം പ്രചരിപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ നടത്തുന്ന ക്ലസ്റ്റർ യോഗങ്ങളിൽ വെച്ച് അജൈവ മാലിന്യങ്ങൾ വീടുകളിലും സ്ഥാപനങ്ങളിലും ശേഖരിച്ച് വയ്ക്കുന്നതിനുള്ള ചാക്കുകൾ വിതരണം ചെയ്തു. കൂടാതെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിത നിയമാവലി അടങ്ങിയ നോട്ടീസ് വിതരണം ചെയ്തു.

- **സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്ത് എന്ന നേട്ടം**
- **ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചു**
- **ആലത്തൂർ പുതിയ ബസ് സ്റ്റാന്റിനു സമീപം MCF**
- **ജനകീയപങ്കാളിത്തത്തോടെയുള്ള ഉറവിട മാലിന്യസംസ്കരണ പദ്ധതി**

മാലിന്യ സംസ്കരണം സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികളെയും ഉൾപ്പെടുത്തികൊണ്ട് തഹസിൽദാരുടെ നേതൃത്വത്തിൽ സർക്കാർ സ്ഥാപനങ്ങളുടെ ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപനം നടത്തി.

ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ അതിജീവനം മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ സർക്കാർ-സർക്കാർ ഇതര സ്ഥാപനങ്ങൾ, വ്യാപാരി വ്യവസായി, ക്യാമ്പസ്,ക്ലബ്, വായനശാല, വിവിധ രാഷ്ട്രീയ പാർട്ടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലോഡ്ജ്, ഫ്ലാറ്റ്, ഓഡിറ്റോറിയം എന്നിവയുടെ പ്രതിനിധികൾക്ക് വേണ്ടി മാലിന്യ സംസ്കരണം ശില്പശാല നടത്തി. പരിപാടിയിൽ വെച്ച് ഹരിത കർമ്മ സേനയുടെ യൂണിഫോം, സ്ഥാപനങ്ങൾ ഹരിത നിയമം പാലിക്കുന്നു എന്നുള്ള സ്റ്റിക്കർ, സ്ഥാപനങ്ങളിൽ അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള ചാക്ക് എന്നിവ വിതരണം ചെയ്തു. പങ്കെടുത്ത എല്ലാവരും മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിന് സമ്പൂർണ്ണ പിന്തുണ അറിയിച്ചു.

ആലത്തൂർ ഗ്രാമ പഞ്ചായത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ മികച്ച രീതിയിൽ മുന്നോട്ടു പോകുന്നതിന് ഹരിതകർമ്മസേന അംഗങ്ങളുടെ പങ്ക് വളരെ വലുതാണ്. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ കേന്ദ്രത്തിൽ എത്തിക്കുകയും അവിടെനിന്നും പ്ലാസ്റ്റിക്കിനെ പല ഗ്രേഡുകൾ ആയി തിരിച്ച് വിതരണം ചെയ്യുകയും ചെയ്തു വരുന്നു. അജൈവ മാലിന്യം ശേഖരിക്കുന്നതിന് വീടുകളിൽ നിന്നും 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും മാലിന്യത്തിന് അളവ് അനുസരിച്ചും യൂസർ ഫീസ് ഈടാക്കുന്നു.

ജൈവ മാലിന്യ സംസ്കരണത്തിനായി പഞ്ചായത്തിൻറെ നന്മ ഖരമാലിന്യ പ്ലാന്റിലുള്ള വിൻഡ്രോ കമ്പോസ്റ്റിങ്ങ്ന് പുറമേ തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് കൂടി ഐ.ആർ.ടി.സി. യുടെ നേതൃത്വത്തിൽ നിർമിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ ഇത്തരത്തിൽ സംസ്കരിച്ച് വളമാക്കി വിൽപ്പന നടത്തുന്നു. 90 ശതമാനം സബ്സിഡി നിരക്കിൽ വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്തുകൊണ്ട് സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് ആലത്തൂർ നീങ്ങുകയാണ്.

ഉറവിട മാലിന്യ സംസ്കരണ പദ്ധതി നിലവിൽ വന്നെങ്കിലും ആലത്തൂർ അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രശ്നം ടൗൺ പ്രദേശങ്ങളിൽ വിവിധ ഭാഗങ്ങളിൽ കൂടി കിടന്നിരുന്ന മാലിന്യകൂമ്പാരം ആണ്. സമീപ പഞ്ചായത്തുകളിൽ നിന്നും കൂടെ എത്തുന്ന ഇത്തരം മാലിന്യ കൂമ്പാരങ്ങൾ എല്ലാ ദിവസവും നീക്കം ചെയ്തിരുന്നു. എന്നാൽ ഇതിനൊരു ശാശ്വത പരിഹാരം ആവശ്യമാണ് എന്ന മനസ്സിലാക്കിയതോടെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി സിസിടിവി ക്യാമറകൾ സ്ഥാപിച്ചു. ഇത്തരത്തിൽ ആലത്തൂർ പഞ്ചായത്തിലെ 8 ഇടങ്ങളിലായി 16 ക്യാമറകളാണ് സ്ഥാപിച്ചിരിക്കുന്നത്. 2020 ജനുവരി ഒന്നിന് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചതോടുകൂടി പഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും തുണിസഞ്ചി നൽകുവാൻ തീരുമാനിച്ചു.



"ഗ്രീൻ ആലത്തൂർ... ക്ലീൻ ആലത്തൂർ" പരിപാടി
കെ.ഡി. പ്രസേനൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# വികേന്ദ്രീകൃത മാലിന്യസംസ്കരണം കേരളത്തിൽ

എൻ. ജഗ്ജീവൻ

**കോ**വിഡിന് നടുവിലാണ് ലോകം. വ്യക്തിശുചിത്വവും പരിസരശുചിത്വവും എല്ലാം എത്ര മാത്രം പ്രധാനമാണെന്ന് തിരിച്ചറിയാൻ മഹാമാരി ശക്തമായ പ്രേരണയാകുന്നു. കേരളവും കോവിഡിനെതിരെ നേർക്കുനേർ പോരാട്ടത്തിലാണ്. ജൈവമാലിന്യങ്ങളെ ഉറവിടത്തിലും അജൈവ മാലിന്യങ്ങളെ വികേന്ദ്രീകൃതമായി ശേഖരിച്ച് കേന്ദ്രീകൃതമായി ശാസ്ത്രീയമായി സംസ്കരിക്കുക എന്നതുമാണ് മാലിന്യ സംസ്കരണ മേഖലയിൽ

ഹരിത കേരളം മിഷൻ മുന്നൊട്ടു വയ്ക്കുന്ന പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. കേരളത്തിലെ സാഹചര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതി വികേന്ദ്രീകൃത മാലിന്യസംസ്കരണമാണ്. ഏറെനാളത്തെ അനുഭവങ്ങളുടെയും പരീക്ഷണ-നിരീക്ഷണങ്ങളുടെയും തെളിഞ്ഞ വസ്തുതയാണിത്. വികേന്ദ്രീകൃത മാലിന്യസംസ്കരണം വിഭവ വികസനത്തിന്റെ കാര്യത്തിലായാലും ഉപജീവന മേഖല എന്ന രീതിയിലായാലും ഏറെ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു.

## വികേന്ദ്രീകൃത മാലിന്യ സംസ്കരണം; വിഭവ വികസനം

ജൈവമാലിന്യത്തിന്റെ കാര്യത്തിലായാലും അജൈവ മാലിന്യത്തിന്റെ കാര്യത്തിലായാലും വികേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നത് ഒരു വിഭവവികസന മാർഗ്ഗം കൂടെയാണ്. ഇതിന്റെ ഫലമായി ജൈവ മാലിന്യങ്ങളിൽ നിന്നും വളം ഉൽപാദിപ്പിക്കപ്പെടുന്നു. വിഭവവികസനത്തിന്റെ ഭാഗമാണ് പരിസ്ഥിതി സംരക്ഷണം. മണ്ണും ജലാശയവും സംരക്ഷിക്കപ്പെടുകയും മണ്ണിൽ നിന്നും നഷ്ടപെടുന്ന പോഷകഘടകങ്ങൾ മണ്ണിലേക്ക് തന്നെ തിരിച്ചെത്തുകയും വേണം.

അജൈവ മാലിന്യമാകട്ടെ വ്യവസായ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള അസംസ്കൃത വസ്തുവായി മാറുന്നു. അതോടൊപ്പം തന്നെ അജൈവ മാലിന്യം പുനഃചംക്രമണം ചെയ്യുക എന്നതും ഒരു പ്രകൃതി സൗഹൃദ വിഭവ വിനിയോഗത്തിന്റെ സമീപനമാണ്.

മാലിന്യത്തിന്റെ അളവ് കുറയ്ക്കാനായി പ്രകൃതി സൗഹൃദ വസ്തുക്കൾ പ്രോത്സാഹിപിക്കുന്നു. ആവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വേണ്ടി നാം അത്തരത്തിലുള്ളവ കൂടുതൽ കൃഷി ചെയുന്നു. അതിലൂടെയും വിഭവവികസനമാണ് സാധ്യമാകുന്നത്.

## വികേന്ദ്രീകൃത മാലിന്യ സംസ്കരണം; ഉപജീവന മേഖല

മാലിന്യസംസ്കരണ രീതി എന്നതിലുപരി വികേന്ദ്രീകൃത മാലിന്യസംസ്കരണം ഒരു ഉപജീവന മേഖലയായി കൂടി അംഗീകരിക്കപ്പെട്ടിരിക്കുന്നു. മാലിന്യശേഖരണം, തരംതിരിക്കൽ, സംസ്കരണം തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഒരു ഉപജീവനമാർഗ്ഗം കൂടി കണ്ടെത്താൻ സാധിക്കുന്നു. ജൈവമാലിന്യം സംസ്കരിച്ച് കമ്പോസ്റ്റ് ആയി ഉപയോഗിക്കുന്നത് വഴി ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നു. അതോടൊപ്പം തന്നെ ഉറവിട മാലിന്യസംസ്കരണം നല്ല രീതിയിൽ കൊണ്ടുപോകാൻ ആവശ്യമായ സേവനങ്ങൾ നൽകുന്ന ഏജൻസികൾ ഇന്ന് സുലഭമാണ്. ഇതിലൂടെ ഒരുപാട് പേർക്ക് തൊഴിൽ അവസരങ്ങൾ നൽകാൻ സാധിക്കുന്നു. ഇനി അജൈവ മാലിന്യ സംസ്കരണം നോക്കിയാലും സ്ഥിതി ഇതു തന്നെയാണ്. അജൈവ മാലിന്യ പുനചംക്രമണം പോലെയുള്ള മേഖലകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

## ഉറവിടമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നടന്ന ശ്രമങ്ങൾ

ഇന്ന് പല രീതിയിലുള്ള ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നമുക്ക് ലഭ്യമാണ്. ഐ.ആർ.ടി.സി. പോലെയുള്ള സ്ഥാപനങ്ങൾ ഒരു കാലഘട്ടത്തിൽ ഇത്തരത്തിലുള്ള രീതികളും ഉപാധികളും വികസിപ്പിക്കാൻ നടത്തിയ പരീക്ഷണങ്ങളും പരിശ്രമവും ചെറുതല്ല. മുപ്പത് വർഷത്തോളമായുള്ള നിരന്തര ഗവേഷണവും പ്രവർത്തനവുമാണ് മൗലികമായ പല സംഭാവനകളും ഈ മേഖലയിൽ നൽകാൻ ഐ.ആർ.ടി.സിയെ പ്രാപ്തമാക്കിയത്. ബയോബിൻ മുതൽ വിൻഡ്രോ കമ്പോസ്റ്റിംഗ് വരെയുള്ള വ്യത്യസ്ത രീതിയിലുള്ള കമ്പോസ്റ്റിംഗ് മാതൃകകൾ അതിൽ ഉൾപ്പെടുന്നു. ഗ്രേ വാട്ടർ മാനേജ്മെന്റിലും ഐ.ആർ.ടി.സി. പ്രത്യേക സാങ്കേതിക വിദ്യകൾ

പ്രയോജനപ്പെടുത്തുന്നതോടൊപ്പം എടുത്ത് പറയേണ്ട ഒന്നാണ് ലാട്രിൻ ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റുകൾ. ഉറവിട മാലിന്യ സംസ്കരണത്തിയാലും പൊതുമാലിന്യ സംസ്കരണത്തിലായാലും ഐ.ആർ.ടി.സി തനത് സാങ്കേതികവിദ്യകൾ പ്രായോഗികമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള പല ഉറവിട മാലിന്യ സംസ്കരണ ഉപാധികളും ഇന്ന് കേരളത്തിൽ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്.

ആലപ്പുഴ, തിരുവനന്തപുരം നഗരങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ഉറവിട മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഇവയിൽ പലതും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

## ഉറവിട മാലിന്യ സംസ്കരണം വെല്ലുവിളികൾ

ചില വെല്ലുവിളികൾ ഇന്നും ഉറവിട മാലിന്യ സംസ്കരണത്തിൽ നാം നേരിടുന്നുണ്ട്. ആശുപത്രികളിലും മറ്റും ഉണ്ടാകുന്ന ഇത്തരത്തിലുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനും ഇമേജ് പോലുള്ള ഏജൻസികൾ രംഗത്തുണ്ട്. എന്നാൽ വീടുകളിൽ നിന്നും ഉണ്ടാകുന്ന മെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കാൻ നമുക്ക് യാതൊരു മാർഗവും ഇന്ന് ലഭ്യമല്ല. അതുപോലെ കെട്ടിട നിർമ്മാണത്തിന്റെയും പൊളിക്കലിന്റെയും ഭാഗമായി വരുന്ന കൺസ്ട്രക്ഷൻ ആൻഡ് ഡിമോലിഷൻ വേസ്റ്റ്. അതിനെ പറ്റിയും ആലോചിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ സംസ്കരിക്കാൻ ഏറെ ബുദ്ധിമുട്ട് നേരിടുന്ന ഒന്നാണ് അപകടകാരികളായ മാലിന്യങ്ങൾ അഥവാ ഹസാർഡസ് വേസ്റ്റ്. ഇത്തരം മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാൻ മികച്ച രീതിയിലുള്ള സാങ്കേതിക വൈദഗ്ധ്യവും സ്ഥലവും വേണം. ഇതിനെല്ലാം പുറമേയാണ് ബാക്കിവരുന്ന റിജക്ട്ടുകൾ. ഇവ സംസ്കരിക്കാൻ ഇന്നു നമ്മൾ സിമന്റ്ഫാക്ടറികളുടെ സഹായമാണ് തേടുന്നത്. എന്നിരുന്നാലും നമ്മുടെ സംസ്ഥാനത്തിന് ഉള്ളിൽ തന്നെ ഏതെങ്കിലും ഒരു പ്രദേശത്ത് ഇവ സംസ്കരിക്കാൻ സൗകര്യമൊരുക്കേണ്ടി വരും.

## ഉറവിട മാലിന്യ സംസ്കരണവും മനോഭാവവും

എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കിയാലും അത് എങ്ങനെ പ്രയോജനപ്പെടുത്തണം എന്നുള്ളത് നമ്മുടെ മനോഭാവത്തെ കൂടി ആശ്രയിച്ചിരിക്കുന്നു. ഇന്നത്തെ സാഹചര്യം അതീവ സങ്കീർണത നിറഞ്ഞതാണ്. പ്രത്യേകിച്ച് കോവിഡ് പോലുള്ള മഹാമാരി വ്യാപിക്കുന്ന സാഹചര്യത്തിൽ ബയോമെഡിക്കൽ മാലിന്യങ്ങളുടെ അളവ് കൂടാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള മാലിന്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ നല്ല രീതിയിൽ ബോധവൽക്കരണവും അതിലൂടെ മനോഭാവ മാറ്റവും ആവശ്യമാണ്.

വ്യക്തിശുചിത്വത്തെ പറ്റിയും സാമൂഹ്യ ശുചിത്വത്തെ പറ്റിയുമൊക്കെ നാം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സൗകര്യങ്ങളും സേവനങ്ങളും നൽകാൻ വൈദ്ഗ്ധ്യമുള്ള വിവിധ ഏജൻസികളുടെ ആവശ്യകത നമുക്കിന്നുണ്ട്. ഐ.ആർ.ടി.സിക്ക് ഈ മേഖലയിലുള്ള അനുഭവപാഠങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ മാലിന്യസംസ്കരണത്തിൽ കേരളത്തിന് അനുയോജ്യമായ രീതികൾ വികസിപ്പിക്കാൻ വിപുലമായ സാധ്യതകളാണുള്ളത്. ഹരിതസഹായ സ്ഥാപനമെന്ന നിലയിലുള്ള അനുഭവസമ്പത്ത് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് കരുത്തു പകരും.

(ഹരിത കേരളം മിഷൻ സംസ്ഥാന കോർഡിനേറ്ററാണ് ലേഖകൻ)










# കുന്നംകുളത്തിന്റെ വിജയഗാഥ

**തൃശ്ശൂർ:** ജൂലൈ 2019നാണ് കുന്നംകുളം നഗരസഭയുടെ ഹരിത സഹായ സ്ഥാപനമായി ഐ.ആർ.ടി.സി ചുമതലയേൽക്കുന്നതെങ്കിലും നഗരസഭയുടെ മാലിന്യ സംസ്കരണ രംഗവുമായി ബന്ധപ്പെട്ട് ദീർഘകാലമായി പ്രവർത്തിച്ചുവരികയാണ്. നഗരസഭയിലെ ഹരിതകർമ്മ സേനയുടെ രണ്ടു മുഖങ്ങൾ ആണ് ഐ.ആർ.ടി.സി.ചുമതലയേക്കുന്നതിനു മുൻപും ശേഷവും കാണാൻ സാധിക്കുക.

## ഐ.ആർ.ടി.സി ഏറ്റെടുക്കുന്നതിന് മുൻപ്

ഒക്ടോബർ 2018ൽ തന്നെ നഗരസഭയിൽ ഹരിതകർമ്മ സേന പ്രവർത്തിച്ചു തുടങ്ങി. 79 ഹരിതകർമ്മസേന അംഗങ്ങൾ ആയിരുന്നു 37 വാർഡുകളിലായി ഉണ്ടായിരുന്നത്. ഒരു വാർഡിൽ 2 പേർ വീതം. കടകളിൽ നിന്നും മറ്റും അജൈവ മാലിന്യ ശേഖരണത്തിന് 5 പേർ. വാർഡുകളിൽ നിന്നും കടകളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ചു തുറക്കുളം മാർക്കറ്റിൽ കൊണ്ട് നിക്ഷേപിക്കുന്ന രീതിയായിരുന്നു തുടർന്ന് പോന്നിരുന്നത്. വാർഡുകളിലെ ഹരിതകർമ്മസേനയ്ക്ക് അവരവരുടെ വാർഡുകളിൽ നിന്നും ലഭിക്കുന്ന യൂസേർഫീ ആയിരുന്നു വരുമാനം. ഈ തരത്തിൽ മാലിന്യം ശേഖരിക്കുന്നതിലൂടെ അംഗങ്ങൾക്കു ലഭിക്കുന്ന വരുമാനം തുല്യമായിരുന്നില്ല. 15000 രൂപ ലഭിക്കുന്നവരും 700 രൂപ ലഭിക്കുന്നവരും ഉണ്ടായിരുന്നു. മാലിന്യം തരം തിരിക്കാതെ തുറക്കുളം മാർക്കറ്റിൽ കുന്നുകൂടുകയും ചെയ്തിരുന്നു . ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ച് എട്ട് മാസം പൂർത്തിയാകുമ്പോഴും വരുമാനത്തിൽ തുല്യത ഉണ്ടായിരുന്നില്ല. ശേഖരണം നടത്തിയിരുന്ന 13500 വീടുകളിൽ 500 വീടുകളിൽ നിന്നും പോലും യൂസർ ഫീ ലഭിക്കുന്നുമുണ്ടായിരുന്നില്ല.

## ഐ.ആർ.ടി.സി ഏറ്റെടുത്തതിന് ശേഷം

ഹരിത കർമ്മ സേന പ്രവർത്തനം എങ്ങനെ ആയിരിക്കണം എന്നു ഐ.ആർ.ടി.സി പ്രതിനിധികൾ വിശദീകരിച്ചു. മുഴുവൻ സമയ പ്രവർത്തിദിവസങ്ങളിലേക് മാറുന്നതിനാൽ പല അംഗങ്ങളും ജോലി ചെയ്യുന്നതിന് വിസ്സമ്മതം പ്രകടിപ്പിച്ചു. തുടർന്ന് 56 അംഗങ്ങളെ വെച്ച് പ്രവർത്തനം ആരംഭിച്ചു.

നാല് സംഘങ്ങളായി 56 അംഗങ്ങളെയും മൂന്ന് ക്ലസ്റ്ററുകളായി വാർഡുകളെയും തിരിച്ചു. മൂന്ന് ഗ്രൂപ്പുകൾ വാർഡുകളിലും ഒരു ഗ്രൂപ്പ് കച്ചവട സ്ഥാപനങ്ങളിലും അജൈവ മാലിന്യ ശേഖരണം നടത്തിവരുന്നു. ഓരോ മാസത്തിലും വാർഡുകളിൽ പോകേണ്ട തീയതിയും, ചെയ്യേണ്ട പ്രവർത്തനങ്ങളെയും, ശേഖരണത്തിന് ആവശ്യം വരുന്ന അംഗങ്ങളുടെ എണ്ണത്തെയും മറ്റും കൂട്ടിച്ചേർത്തു ഷെഡ്യൂൾ തയ്യാറാക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ലീഡർമാരെ തിരഞ്ഞെടുക്കുന്നു. എല്ലാവരും നേതൃത്വസ്ഥാനത്തിലേക്ക് വരുന്നതിന് വേണ്ടി ഓരോ മാസവും ലീഡർ ചുമതല മാറ്റുന്നു. അജൈവ മാലിന്യ ശേഖരണത്തിന് പോകുമ്പോൾ ഹാജർ ഷീറ്റ്, വാർഡ് തല വിവരങ്ങൾ, ശേഖരണ തീയതി, വീടുകളുടെ എണ്ണം, കടകളുടെ എണ്ണം, യൂസർ ഫീ വിവരങ്ങൾ, അജൈവ മാലിന്യ ശേഖരണത്തിന് അളവ്, തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ആവശ്യമായ ഫോറങ്ങൾ എന്നിവ ലീഡർമാരെ ഏൽപ്പിക്കുന്നു. അജൈവ മാലിന്യ ശേഖരണത്തിന് ആവശ്യമായി വരുന്ന ചാക്കുകൾ, രസീതികൾ, മുതലായവ രജിസ്റ്ററിൽ രേഖപ്പെടുത്തി അതാതു ലീഡർമാർ കൈപ്പറ്റുന്നു.

വാർഡുകളുടെ എണ്ണം, വീടുകളുടെ എണ്ണം, വാർഡിന്റെ വിസ്തീർണം എന്നിവയെ ആശ്രയിച്ച് അംഗങ്ങളെ ഗ്രൂപ്പുകളിലേക്ക് വിന്യസിക്കുന്നു. വാർഡുകളിലെ അജൈവ മാലിന്യ ശേഖരണത്തിന് ശേഷം നിശ്ചിത സ്ഥലങ്ങളിൽ എത്തിച്ചും ചാക്കുകളുടെ എണ്ണം രേഖപ്പെടുത്തി അടുത്ത ദിവസങ്ങളിൽ തന്നെ നഗരസഭയുടെ വണ്ടികളിൽ മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്ക് എത്തിക്കുന്നു. ഹരിത കർമ്മ സേന അംഗങ്ങളുടെ മാലിന്യശേഖരണം, മറ്റു പ്രവർത്തനങ്ങൾ, നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ തുടങ്ങിയവ ഐ.ആർ.ടി.സി കോർഡിനേറ്റർ നിരീക്ഷിക്കുന്നു, പരിഹാരങ്ങൾ കാണുന്നു. കച്ചവട സ്ഥാപനങ്ങളിൽ ആറ് അംഗങ്ങളുള്ള ഗ്രൂപ്പ് നാലിനെ ശേഖരണ ചുമതല ഏല്പിച്ചിരിക്കുന്നു. ശേഖരണത്തിന് ശേഷം ഗ്രൂപ്പ് ലീഡർമാർ എല്ലാ വിവരങ്ങളും ഐ.ആർ.ടി.സി കോഡിനേറ്ററെ ഏൽപ്പിക്കുന്നു. യൂസർഫീ മറ്റു വിവരങ്ങളുടെ സത്യസന്ധത ഉറപ്പുവരുത്തിയതിനു ശേഷം ഐ ആർ ടി സി കോഡിനേറ്റർ മുനിസിപ്പാലിറ്റി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നു.

2020 ജനുവരി മാസത്തിൽ 3000 കിലോ പ്ലാസ്റ്റിക് പെല്ലറ്റ് റോഡ് ടാറിങ്ങ്നായി വിൽപന നടത്തി. വില ലഭിക്കുന്ന മറ്റു പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കടലാസുകൾ, തുടങ്ങിയവ ഹരിതകർമ്മസേനാംഗങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നു. ഈ പ്രവർത്തനങ്ങൾ വഴി ഹരിതകർമ്മ സേനയിലെ അംഗങ്ങൾക്ക് ദിവസം 300 രൂപ വെച്ച് മാസം ഏകദേശം 8000 രൂപ വേതനം കൃത്യമായി നല്കാൻ സാധിക്കുന്നു. മാത്രമല്ല നഗരസഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇന്ന് ഹരിതകർമ്മസേനയുടെ കൈയൊപ്പ് പതിയുന്നു.



ഗ്രീൻ പാർക്കിൽ വച്ചു നടന്ന ന്യൂഇയർ ആഘോഷത്തിൽ ജൈവ-അജൈവ മാലിന്യസംസ്കരണവും ആയി ബന്ധപെട്ട എല്ലാ തൊഴിലാളികളും പങ്കെടുത്തു

# എറണാകുളവും മാറുന്നു

ഐആർടിസി-ഹരിതസഹായ സ്ഥാപനം എറണാകുളം ജില്ലയിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളുമായാണ് കരാർ ഒപ്പിട്ടിരിക്കുന്നത്. ജനകീയമായ ഭരണസമിതി അംഗങ്ങളുടേയും ഉദ്യോഗസ്ഥരുടേയും ഇടപെടലുകൾ കൊണ്ട് മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളാണ് ഇവ.

പഞ്ചായത്തുകളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഹരിതകർമസേനാംഗങ്ങളെ ശാക്തീകരിക്കുന്നതിലും അവർക്ക് കൃത്യമായ മാസവരുമാനം ഉണ്ടാക്കിക്കൊടുക്കാനും ഐ.ആർ.ടി.സിയുടെ ഇടപെടലിലൂടെ സാധിച്ചു.





## ഒരിക്കൽ പഴി, ഇന്ന് പ്രശംസ

# കൊട്ടാരക്കര ഹരിതാഭയിലേക്ക്

**കൊല്ലം:** ശൈശവദശയിൽ തന്നെ മാലിന്യസംസ്കരണത്തിന് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃക ആവുകയാണ് കൊട്ടാരക്കര നഗരസഭ. 2015ൽ രൂപീകൃതമായ നഗരസഭ ചുരുങ്ങിയ കാലം കൊണ്ട് തന്നെ മാലിന്യ സംസ്കരണ രംഗത്ത് ബഹുദൂരം മുന്നിലെത്തി. നഗരസഭ രൂപീകൃതമാകുമ്പോൾ ശേഖരിച്ചിരുന്ന എല്ലാ മാലിന്യങ്ങളും നഗരസഭയ്ക്ക് സ്വന്തമായുള്ള ഉഗ്രൻകുന്നിലെ ഒന്നര ഏക്കർ സ്ഥലത്ത് കൊണ്ടു പോയി പോയി നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ ജനകീയ പ്രക്ഷോഭങ്ങൾ നടന്നു. ശാസ്ത്രീയമായ ഒരു സംവിധാനമൊരുക്കി ഈ പ്രതിസന്ധിയെ തരണം ചെയ്യുക എന്നതായിരുന്നു നഗരസഭയുടെ മുന്നിലെ ആദ്യത്തെ വെല്ലുവിളി.



ചുരുങ്ങിയ സമയം കൊണ്ട് തന്നെ ഈ പ്രദേശത്ത് അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായ പുനഃചക്രമണത്തിന് വിധേയമാക്കുന്നതിനായി ആധുനികവും ശാസ്ത്രീയവുമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും (RRF) നിർമ്മിച്ച് ശാസ്ത്രീയമായ മാലിന്യ സംഭരണം രൂപപ്പെടുത്താൻ നഗരസഭയ്ക്ക് കഴിഞ്ഞു. വീടുകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയുടെ സഹായത്തോടെ ഹരിത കർമ്മ സേനയെ ഉപയോഗിച്ച് ശാസ്ത്രീയമായി തരംതിരിച്ച ക്ലീൻ കേരള കമ്പനി മുഖേന വിപണനം നടത്തുന്നു. നഗരസഭയുടെ തന്നെ എയറോബിക് കമ്പോസ്റ്റ് യൂണിറ്റിൽ ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വളമാക്കുന്നു. ഇത്തരത്തിലുള്ള മാലിന്യസംസ്കരണ സംവിധാനങ്ങൾ നഗരസഭയും ഐ.ആർ.ടി.സിയും സംയുക്തമായി നഗരസഭയുടെ വിവിധ ഇടങ്ങളിൽ പുതിയതായി നിർമിച്ച് കൊണ്ടുമിരിക്കുന്നു.

ഹരിത കേരളം മിഷൻ മാർഗനിർദേശ പ്രകാരം കൊല്ലം ജില്ലയിൽ തന്നെ ആദ്യമായി ഹരിതകർമസേനയ്ക്ക് രൂപംകൊടുത്ത നഗരസഭയാണ് കൊട്ടാരക്കരയുടേത്. 29 വാർഡുകളിലായി 58 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഐ.ആർ.ടി.സി.യുമുണ്ട്. വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന് ഭാഗമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ 90 ശതമാനം സബ്സിഡി നിരക്കിൽ എല്ലാ വീടുകളിലും എത്തിക്കുന്നത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

തരിശായി കിടന്നിരുന്ന പാണ്ടിവയൽ ഏലയിലും കല്ലമൺ ഏലയിലും നഗരസഭയുടെ നേതൃത്വത്തിൽ വിളവിറക്കി ജൈവവളമുപയോഗിച്ച് നൂറുമേനി കൊയ്യുന്നു. ജലാശയങ്ങളുടെയുടെ നവീകരണത്തിൽ നടത്തിയ ഇടപെടലുകൾ സംസ്ഥാനത്തിന് ആകെ മാതൃകയാവുകയാണ്. മലിനജലം ഒഴുകിയിരുന്ന 14 കിലോമീറ്റർ നീളമുള്ള പാണ്ടിവയൽ തോട് ജനകീയ പങ്കാളിത്തത്തോടെ ഒറ്റദിവസംകൊണ്ട് പുനരുജ്ജീവിപ്പിച്ച് തെളിനീർ ഒഴുക്കാൻ നഗരസഭയ്ക്ക് സാധിച്ചു. "ഇനി ഞാൻ ഒഴുകട്ടെ" കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത സഹായ സ്ഥാപനം മേൽനോട്ടത്തിൽ 7 കിലോമീറ്റർ നീളമുള്ള നെച്ചിറ തോടും ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ചു.

2020 ജനുവരി ഒന്നിന് നഗരസഭയിൽ പൂർണ ഹരിത ചട്ടം പ്രഖ്യപിച്ചു. ശുചിത്വ സമ്മേളനം 2020ൽ സംസ്ഥാനതല പങ്കാളിത്തത്തിനുള്ള മുഖ്യമന്ത്രിയുടെ ഹരിത അവാർഡും കരസ്ഥമാക്കി. ഐ.ആർ.ടി.സിയുടെ സഹായത്തോടെ 2020 ജൂൺ 5-ാം തിയ്യതിയോടു കൂടി സമ്പൂർണ മാലിന്യമുക്ത നഗരസഭയാവാൻ ആണ് കൊട്ടാരക്കര ലക്ഷ്യം വെയ്ക്കുന്നത്.

## ശീലങ്ങൾ മാറ്റാൻ സമഗ്ര പദ്ധതികൾ

# ശ്രീകൃഷ്ണപുരത്തിനും ശുചിത്വത്തിളക്കം

**പാലക്കാട്:** അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാൻ 2017 മുതൽ തന്നെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് ക്രിയാത്മകമായ രീതിയിലാണ് മാലിന്യ സംസ്കരണ രംഗത്ത് ഇടപെടലുകൾ നടത്തി വന്നത്. അവരുടെ പ്രവർത്തനങ്ങളോടൊപ്പം ചേരാൻ ഹരിത സഹായ സ്ഥാപനം എന്ന നിലയ്ക്ക് ഐ.ആർ.ടി.സിക്കും കഴിഞ്ഞു. ഈ പ്രവർത്തങ്ങൾക്കെല്ലാമുള്ള അംഗീകാരമായി ആയി 2019 ഒക്ടോബർ രണ്ടിന് സമ്പൂർണ്ണ ശുചിത്വ ഗ്രാമപഞ്ചായത്തായി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രഖ്യാപിക്കപ്പെട്ടു.

പഞ്ചായത്തിലെ 14 വാർഡുകളിലും 15 അംഗ ഹരിത കർമ്മ സേനയാണ് നിലവിലുള്ളത്. മാലിന്യ സംസ്കരണ രംഗത്തിനായി മാത്രം 11 ലക്ഷത്തോളം വരുന്ന പ്രോജക്റ്റുകളാണ് ഉള്ളത്.

ജനകീയ പ്രവർത്തനങ്ങളിലൂടെയാണ് ഈ നേട്ടങ്ങളൊക്കെ കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചത്. കുട്ടികൾ മുതൽ മുതിർന്നവരെയും വീടുകൾ മുതൽ സ്ഥാപനങ്ങൾ വരെയും പഞ്ചായത്ത് നടത്തിയ മാലിന്യ സംസ്കരണത്തെ സംബന്ധിച്ച ബോധവൽക്കരണത്തിൽ പങ്കാളികളായി.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപിച്ചു. പൊതുജന പങ്കാളിത്തത്ത ബൃഹത്തതായ ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നടന്നു. മാലിന്യം നിറഞ്ഞ് ഭീഷണിയായ നിലവിളിക്കുന്ന് പരിസരം വി.ടി.ബി. കോളേജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ശുചീകരിച്ചു. ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ എല്ലാവരിലേക്കും എത്തിച്ചു.

'ശുചിത്വ ഭവനം റിയാലിറ്റി ഷോ ' എന്ന പേരിൽ നടത്തിയ മത്സരം വേറിട്ട അനുഭവമായി. ഓരോ വാർഡുകളിലെയും പരമാവധി ആളുകളെ പങ്കെടുപ്പിച്ച പരിപാടിയിൽ മാലിന്യ സംസ്കരണ രീതിയെ മാനദണ്ഡമാക്കിയായിരുന്നു വിജയികളെ നിർണ്ണയിച്ചത്. അവസാനഘട്ടത്തിലേക്ക് 25 വീടുകളെ തിരഞ്ഞെടുക്കുകയും വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

മാതൃകാപരവും, ഹരിത സഹായ സ്ഥാപനം എന്ന നിലയിൽ ഐ.ആർ.ടി.സി.ക്ക് അഭിമാനാർഹവുമാണ് ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ.




**ശ്രീകൃഷ്ണപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽസംഘടിപ്പിച്ച ശുചിത്വ ഭവനം റിയാലിറ്റി ഷോയിൽ നിന്നും**



# "നിർമലം നിരുപമം..."
# ഹരിത നിറവിൽ ശാസ്താംകോട്ട

**കൊല്ലം:** സമഗ്ര മാലിന്യ പരിപാലനം ലക്ഷ്യമിട്ട് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ 'നിർമല ഗ്രാമം ശാസ്താംകോട്ട' പദ്ധതി ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നുവരികയാണ്. 2020 ജനവരി ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് നിലവിൽ വരുന്ന ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധനത്തിന്റെ മുന്നോടിയായി 2019 ഡിസംബർ 12 ന് തന്നെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനവും ഹരിത കർമസേനയുടെ തുണി സഞ്ചി വിതരണോൽഘാടനവും പഞ്ചായത്ത് പ്രസിഡന്റ് ഐ നൗഷാദ് നിർവഹിച്ചു.

പോക്കറ്റിലോ ബാഗിലോ  സൂക്ഷിക്കാനാകുന്ന പേഴ്സ്, സ്ട്രോബറി രൂപത്തിൽ ഉള്ള തുണി സഞ്ചികൾ, സാധാരണ തുണി സഞ്ചികൾ, പെൻസിൽ പൗച്ചുകൾ, ലഞ്ച് ബാഗുകൾ, ഉപയോഗശൂന്യമായ കുട തുണി ഉപയോഗിച്ച് നിർമിക്കുന്ന മീൻ സഞ്ചികൾ, പഴയ സാരികൾ ഷാളുകൾ, തയ്യൽ യൂണിറ്റിൽ വരുന്ന കട്ടിങ് വേസ്റ്റ് എന്നിവയിൽ നിന്ന് നിര്മിച്ചെടുക്കുന്ന ആകർഷകമായ ചവിട്ടികൾ എന്നിവയാണ് ഹരിതകർമസേന അംഗങ്ങൾ എം.സി.എഫിൽ സജ്ജീകരിച്ചിരിക്കുന്ന തുണി സഞ്ചി നിർമാണ യൂണിറ്റിൽ നിർമിക്കുന്നത്.

ഹരിതസഹായസ്ഥാപനമായ ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ 2019 ഡിസംബർ 10നാണ് ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പൈലറ്റ് വാർഡ് മെമ്പർ, VEO, ഐ.ആർ.ടി.സി കോർഡിനേറ്റർ എന്നിവർ ഉൾപ്പടെ ഹരിതകർമസേനയുടെ പഠനയാത്ര കേരളത്തിലെ ആദ്യ ഊർജ്ജ നിർമല ഹരിതഗ്രാമമായ എറണാകുളം തുരുത്തിക്കരയിലേക്ക് സംഘടിപ്പിച്ചതും അവിടെ വിവിധ അധിക വരുമാന മാർഗങ്ങളിൽ ഹരിതകർമസേനയ്ക്ക് പരിശീലനം നൽകുകയും ചെയ്തത്. തുടർന്ന് 15-ആം തീയതി പരിമിതമായ സൗകര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകർമസേനയുടെ തുണിസഞ്ചി നിർമാണ യൂണിറ്റ് എം.സി.എഫിൽ പ്രവർത്തണം ആരംഭിക്കുകയും ചെയ്തു.

- **ഉപയോഗശൂന്യമായ വസ്തുക്കൾ ശേഖരിച്ച് ആകർഷകമായ ഉൽപന്നങ്ങൾ നിർമിക്കുന്നതു വഴി അധികവരുമാനം**
- **ഹരിതകർമസേനയുടെ നേതൃത്വത്തിൽ തുണിസഞ്ചി നിർമാണവും സോപ്പുനിർമാണവും**

ഉദ്ഘാടനത്തെ തുടർന്ന് ഉത്പന്നങ്ങളുടെ പ്രദർശനവും വില്പനയും പഞ്ചായത്തിൽ നടന്നു. തുണി സഞ്ചികൾക്ക് പുറമെ ഹരിതകർമസേന അംഗങ്ങൾ നിർമിച്ച സോപ്പുകൾ, led ട്യൂബ്, പ്ലാസ്റ്റിക് രഹിത അലങ്കാര വസ്തുക്കൾ, ഒപ്പം ഐ.ആർ.ടി.സി സമത ടോയ്‌ലെറ്ററി ഉത്പന്നങ്ങൾ എന്നിവയുടെ വില്പനയും നടന്നു.

പരിപാടിയിൽ ജനപ്രതിനിധികൾ, പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഹരിതകർമസേന അംഗങ്ങൾ, പൊതുജനങ്ങൾ, ഐ.ആർ.ടി.സി കോർഡിനേറ്റർ തുടങ്ങിവർ പങ്കെടുത്തു. പ്ലാസ്റ്റിക് വിമുക്ത പുതുവർഷം എന്ന സന്ദേശവുമായി ഹരിതകർമസേനയുടെ ബദൽ ഉൽപന്നങ്ങളുടെ പ്രദർശനവും വില്പനയും ശാസ്താംകോട്ട ടൗണിൽ നടന്നു.

**വനിതാ ദിനത്തോടനുബന്ധിച്ച ശാസ്താംകോട്ട ടൗണിൽ JCI (Junior Chamber International) എന്ന NGO വനിതാ ദിന സെമിനാറും അനുമോദന യോഗവും സംഘടിപ്പിച്ചു. ഈ വർഷം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലെ വെല്ലുവിളികൾ സ്വീകരിച്ച്, പ്രതികൂല സാഹചര്യങ്ങളോട് പൊരുതി മികവുറ്റ പ്രവർത്തനം കാഴ്ചവച്ച് 'നിർമല ഗ്രാമം ശാസ്താംകോട്ട' പദ്ധതിയിലൂടെ നാടിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുവാൻ പ്രയത്നിക്കുന്ന 26വനിതകൾ ചേർന്ന ഹരിതകർമസേനയുടെ മാതൃകാ പരമായ പ്രവർത്തനങ്ങളെയാണ് അനുമോദനാർഹമായി JCI തിരഞ്ഞെടുത്തത്.**

ആകർഷകവും വ്യത്യസ്തവുമായ തുണിസഞ്ചികൾ നിർമിച്ച് വിതരണം ചെയ്യുന്ന ജില്ലയിലെ തന്നെ ആദ്യ ഹരിതകർമസേന യൂണിറ്റ് ആണ് ശാസ്താംകോട്ട.

നിർമല ഗ്രാമം പദ്ധതിയുടെ ഭാഗമായി IRTC മുന്നോട്ട് വച്ച വിവിധ ആശയങ്ങൾ ഓരോ വാർഡുകളിലായി ജനപ്രതിനിധികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് അടുത്ത ഘട്ടം. അതിന്റെ വാർഡ് തല സംഘാടക കമ്മിറ്റികൾ ഈ ആഴ്ച രൂപീകരിക്കും. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാവും ഓരോ വാർഡും ആദ്യ ഘട്ടത്തിൽ ഏറ്റെടുത് ആരംഭിക്കുക.



**ഹരിതകർമസേനാംഗങ്ങൾ നിർമിച്ച തുണിസഞ്ചികൾ പ്രദർശനത്തിന് വച്ചപ്പോൾ**

**തുണിസഞ്ചി നിർമാണ യൂണിറ്റിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്നും**





# കൊല്ലം കോർപറേഷൻ
# സമഗ്ര മാലിന്യസംസ്കരണത്തിന് സംയോജിത ഹരിത പദ്ധതികൾ

**കൊല്ലം:** ഹരിത സഹായ സ്ഥാപനം എന്ന നിലയിൽ ഐ.ആർ.ടി.സി കൊല്ലം കോർപ്പറേഷനിൽ പ്രവർത്തനം ആരംഭിക്കുന്നത് 2019 ഏപ്രിൽ 29നാണ്. കോർപറേഷന് കീഴിൽ 55 വാർഡുകളാണ് ആണ് ഉള്ളത്. അവയെ പത്ത് ഹെൽത്ത് സോണുകളായി തിരിച്ചിരിക്കുന്നു.

ജൈവമാലിന്യ പരിപാലനത്തിനായി 13 കമ്മ്യൂണിറ്റി ലെവൽ എയ്റോബിനുകളാണുള്ളത്. പതിമൂന്ന് ബയോഗ്യാസ് പ്ലാന്റുകളും ഉണ്ട്. കൂടാതെ അജൈവമാലിന്യ ശേഖരണത്തിനായി നാല് MCFവും ഒരു ഷ്രെഡിങ് യൂണിറ്റും ആണ് ഉള്ളത്. 10 കമ്മ്യൂണിറ്റി ലെവൽ എയ്റോബിൻ യൂണിറ്റിന്റെയും 275 കിയോസ്കുകളുടെയും നിർമാണ നിർവ്വഹണ ചുമതല ഐആർടിസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

ജൈവമാലിന്യ പരിപാലന ഉപാധിയായ ബയോബിൻ ഒരു വാർഡിൽ 500 എന്ന കണക്കിൽ 27500 ബിന്നുകളാണ് കോർപറേഷൻ മുഖേന നൽകാൻ തീരുമാനിച്ചിരുന്നത്. അതിൻറെ ഭാഗമായി 681 ബിന്നുകൾ വീടുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ഒപ്പം വാർഡ് തല യോഗങ്ങൾ, ക്ലസ്റ്റർ യോഗങ്ങൾ എന്നിവ വഴി ഉപയോഗരീതിയെ കുറിച്ചുള്ള വിശദമായ ക്ലാസുകൾ നൽകി.

ഐ.ആർ.ടി.സി പ്രവർത്തനമാരംഭിച്ച സമയം 48 വാർഡുകളിലായി 95 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ 54 വാർഡുകളിലായി 164 അംഗങ്ങളായി അത് വർദ്ധിച്ചിട്ടുണ്ട്. ഒരു വാർഡിൽ ആകെ അഞ്ച് അംഗങ്ങൾ വിധം പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ട് അംഗങ്ങൾക്കൊപ്പം മൂന്ന് അംഗങ്ങളെ വീതം ഓരോ വാർഡിലും തിരഞ്ഞെടുക്കുകയും ഈ മൂന്ന് അംഗങ്ങളെയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഇതിലൂടെ 100 ദിവസത്തെ വേതനം അംഗങ്ങൾക്ക് ഉറപ്പാക്കാൻ സാധിക്കുന്നു.

കോർപ്പറേഷനിൽ നിലനിന്നിരുന്ന മാലിന്യപരിപാലന രീതിയെക്കുറിച്ച് പഠിച്ച് അതിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കാനും ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഐ.ആർ.ടി.സി മുൻകൈ എടുത്തു. നിർദ്ദേശങ്ങളടങ്ങിയ കരട് രേഖ സമർപ്പിക്കുകയും അത് കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പല നിർദ്ദേശങ്ങളും പ്രാബല്യത്തിൽ വരാൻ ഉണ്ടെങ്കിലും 90 ശതമാനം അംഗങ്ങൾക്കും യൂണിഫോമും എല്ലാ അംഗങ്ങൾക്കും ഐ.ഡി കാർഡും ലഭ്യമാക്കാൻ സാധിച്ചു.അവലോകന യോഗങ്ങൾ



ഉദയമാർത്താണ്ഡപുരത്ത് നടന്ന 70 ബയോബിന്നുകളുടെ വിതരണോദ്ഘാടനം

സംഘടിപ്പിക്കുകയും വർക്ക് ഡയറയിലൂടെ കൃത്യമായ വിവരങ്ങളും കണക്കും രേഖപ്പെടുത്താൻ ഹരിത കർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തപ്പോൾ അവരുടെ പ്രവർത്തനങ്ങളും ചിട്ടയായി. ഐ.ആർ.ടി.സി പ്രവർത്തനമാരംഭിച്ച ഏപ്രിൽ മാസത്തിൽ 1,76,400 ആയിരുന്ന കോർപ്പറേഷന്റെ വരുമാനം എങ്കിൽ ഡിസംബർ ആയപ്പോൾ അത് 5,58,260 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു.

ബയോബിന്നുകളുടെ ഉപയോഗരീതിയെക്കുറിച്ചുള്ള പരിശീലനങ്ങൾ ഹരിത കർമ്മസേന അംഗങ്ങൾക്കു നൽകുകയും പൊതുയോഗങ്ങളിൽ ഈ അറിവ് ജനങ്ങളിലേക്കെത്തിക്കാൻ അവരെ പര്യാപ്തരാക്കുകയും ചെയ്തു. കൂടാതെ തുണി സഞ്ചി, പേപ്പർ ബാഗ് എന്നിവ നിർമിക്കുന്നതിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്. വ്യവസായിക അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ഉള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 44 വാർഡുകളിൽ വാർഡുതല ക്യാമ്പയിൻ സംഘടിപ്പിക്കുകയും 23 ക്ലസ്റ്റർ യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ കൊല്ലം ശ്രീനാരായണ കോളേജിൽ നിന്നുള്ള 12 കുട്ടികൾ ഉൾപ്പെടുന്ന ടീമും ഗവൺമെൻറ് എച്ച്എസ്എസ് മങ്ങാട് നിന്നുള്ള 11 കുട്ടികൾ ഉൾപ്പെടുന്ന ടീമും പരിശീലനം നേടുകയും കോർപ്പറേഷൻ വിവിധ ഭാഗങ്ങളിലായി കലാജാഥ സംഘടിപ്പിക്കുകയും ചെയ്തു.

വാർഡ്തല യോഗങ്ങളിലൂടെയും ക്ലസ്റ്റർ യോഗങ്ങളിലൂടെയും കലാജാഥകളിലൂടെയും മാലിന്യ പരിപാലന രംഗത്തേക്കുള്ള ജനശ്രദ്ധ കൂടാനും കൂടുതൽ ജനങ്ങളെ ഹരിതകർമ്മസേനയുടെ പ്രവർത്തങ്ങളോട് സഹകരിപ്പിക്കാനും സാധിച്ചു.

കൊല്ലം ശ്രീനാരായണ കോളേജിൽ നിന്നും പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ കലാജാഥ



# വികേന്ദ്രീകൃത മാലിന്യ സംസ്കരണം; ആലപ്പുഴയുടെ അനുഭവങ്ങൾ

**ആലപ്പുഴ:** ജൈവ മാലിന്യ സംസ്കരണത്തിന് പരമാവധി വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുകയും സ്ഥലമില്ലാത്ത വീടുകളിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കമ്മ്യൂണിറ്റി ലെവൽ എയറോബിക് സംവിധാനങ്ങൾ ഒരുക്കുകയും ആ സ്ഥലത്തേക്ക് ജൈവം എന്നും അജൈവം എന്നും രണ്ടായി തരം തിരിച്ച് ആളുകൾ എത്തിക്കുകയും ചെയ്യുന്ന അസാധാരണമായ കാഴ്ച ആലപ്പുഴയിൽ ഇന്ന് സുലഭമായി കാണാൻ സാധിക്കും.

ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ പരമാവധി വീടുകളിൽ എത്തിച്ച്, തുമ്പൂർമോഴി മോഡൽ എന്ന എയറോബിക് കമ്പോസ്റ്റ് യൂണിറ്റിന് ഒരു നഗരസഭയിലെ മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കാം എന്ന് തെളിയിച്ച നഗരസഭയാണ് ആലപ്പുഴ. ആലപ്പുഴ നഗരസഭയെ മാതൃക ആക്കി കൊണ്ട് കേരളത്തിലും ഇന്ത്യയിലെ പല സംസ്ഥാനങ്ങളും വിദേശങ്ങളിൽ പോലും വികേന്ദ്രകൃത മാലിന്യസംസ്കരണ രീതി സ്വീകരിക്കുന്നുണ്ട്. മാലിന്യസംസ്കരണം വലിയൊരു പ്രതിസന്ധി സൃഷ്ടിച്ച സാഹചര്യത്തിലാണ് വികേന്ദ്രീകൃത മാലിന്യസംസ്കരണ രീതിയിലേക്ക് 2012 നഗരസഭ ചുവടുവെയ്ക്കുന്നത്. ജനപ്രതിനിധികളും ജനങ്ങളും ഉദ്യോഗസ്ഥരും ചേർന്ന് ഈ ഉദ്യമം ഏറ്റെടുത്തു.

നവകേരള മിഷന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയും ഹരിതകർമ്മ സേനയും രൂപീകൃതമായപ്പോൾ ഈ പ്രവർത്തനങ്ങളെ സുഗമമായി മുന്നോട്ട് കൊണ്ട് പോകാൻ നഗരസഭയ്ക്ക് കഴിഞ്ഞു. നവംബർ 2018 മുതൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കുകയും ഹരിതസഹായ സ്ഥാപനമായി ഐ.ആർ.ടി.സിയെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന്, നഗരസഭയ്ക്കും ഹരിതകർമ്മ സേനാംഗങ്ങൾക്കും നിർദേശങ്ങളും പരിശീലനവും നൽകി ഐ.ആർ.ടി.സി.

നഗരത്തിലെ ജനനിബിഡമായ 13 വാർഡുകളാണ് ആദ്യം തെരഞ്ഞെടുത്തത്. മാസത്തിൽ ഒരിക്കൽ അവരുടെ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു. നഗരസഭാ കൗൺസിൽ മാസത്തിലൊരിക്കൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുമ്പോൾ 40 രൂപ യൂസർ ഫീ നിശ്ചയിച്ചു. വളരെ ശാസ്ത്രീയമായ രീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നു. ഇന്നിപ്പോൾ നഗരത്തിലെ 80 ശതമാനം വീടുകളിലും മാസത്തിലൊരിക്കൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനു വേണ്ടി ഹരിതകർമ്മ സേന സജ്ജമായി കഴിഞ്ഞു. നഗരസഭയോട് തോളോടുതോൾ നിന്ന് നഗരത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഹരിതകർമ്മ സേനാ അംഗങ്ങളും പങ്കാളികളാകുന്നുണ്ട്. മാലിന്യത്തിൽ നിന്ന് മൂല്യവർധിത വസ്തുക്കൾ നിർമിക്കാൻ വേണ്ട പരിശീലനങ്ങളും ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ ഹരിത കർമ്മസേനക്ക് നൽകി. പേപ്പർ ബാഗ് നിർമ്മാണം, സോപ്പ് നിർമ്മാണം, പ്ലാസ്റ്റിക് തരംതിരിക്കൽ, ബൾബ് നിർമാണം തുടങ്ങി നിരവധി വസ്തുക്കൾ അവർ ഇപ്പോൾ നിർമ്മിച്ച് വരുന്നു.



കുറുകയിൽ വാർഡിൽ ഹരിതകർമസേനയുടെ നേതൃത്വത്തിൽ ബയോ ബിന്നുകൾ വിതരണം ചെയ്യുന്നു

ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നഗരത്തിലെ എല്ലാ കോണുകളിലും മൊബൈൽ സ്വാപ് ഷോപ്പ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കും. സ്വാപ് ഷോപ്പിന്റെ പ്രവർത്തനമാരംഭിക്കുന്നത് കൂടി കുറെയധികം മാലിന്യങ്ങൾ ഉപയോഗപ്രദമായ രീതിയിൽ മാറ്റിയെടുക്കാം. ഗ്രീൻ പ്രോട്ടോകോൾ എന്ന ഹരിതചട്ടം നടപ്പിലാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നഗരസഭയിൽ ഒരുക്കി എടുക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഹരിത കർമ്മസേന.

# മാലിന്യമുക്തമാകുന്ന പുറത്തൂർ

മലപ്പുറം ജില്ലയിൽ തിരൂർ ബ്ലോക്കിലെ ആറ് പഞ്ചായത്തുകളിലൊന്നാണ് തീരദേശ പഞ്ചായത്തായ പുറത്തൂർ. ഐ.ആർ.ടി.സി യുമായി കരാർ തുടങ്ങുന്നതിന് മുമ്പ് തന്നെ കുടുംബശ്രീയുടെ സഹായത്തോടെ 36 അംഗ ഹരിത കർമ്മ സേന രൂപീകരിച്ചിരുന്നെങ്കിലും പ്രവർത്തനം ആരംഭിച്ചിരുന്നില്ല. ക്ലീൻ പുറത്തൂർ ഗ്രീൻ പുറത്തൂർ എന്ന പേരിൽ സമഗ്രമാലിന്യ നിർമാർജന പദ്ധതി നിലവിലുണ്ടായിരുന്നു. അജൈവ - മാലിന്യസംഭരണ കേന്ദ്രം സ്ഥാപിച്ചിരുന്നു. ഐ.ആർ.ടി.സി യുമായി പഞ്ചായത്ത് കരാർ ഒപ്പ് വെച്ചത് 2019 ഏപ്രിൽ 3 നാണ്. അതെ തുടർന്ന് ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കി ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ഭരണസമിതിയുമായി ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ടു.

സർവകക്ഷിയോഗം, യുവജന സംഘടനകൾ വ്യാപാരികൾ കുടുംബശ്രീ, ആശ വർക്കർമാർ, തൊഴിലുറപ്പ് , അധ്യാപകർ എന്നിങ്ങനെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വിപുലമായ യോഗങ്ങൾ സംഘടിപ്പിച്ചു. ഹരിത കർമ്മസേനയെ ഒരു സ്ഥിരം സംവിധാനമായി പ്രവർത്തിക്കാൻ 31 പേരെ തിരഞ്ഞെടുത്തു.

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, മേൽനോട്ടം വഹിക്കുന്നതിനുമായി പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി ,വി. ഇ. ഒ. , അസി. സെക്രട്ടറി,കൃഷി ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ഹരിത സഹായസ്ഥാപനം കോർഡിനേറ്റർ എന്നിവരടങ്ങിയ മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചു.

ഒരാഴ്ച്ചത്തെ പരിശീലന ക്യാമ്പ് ഹരിത കർമ്മ സേന അംഗങ്ങൾക്കായി സംഘടിപ്പിച്ചു. 15 അംഗ വാർഡ് തല സമിതികൾ എല്ലാ വാർഡുകളിലും രൂപീകരിച്ചു. ആഗസ്റ്റ് മാസത്തോടെ 19 വാർഡുകളിലായി 169 ക്ലസ്റ്ററുകൾ രൂപീകരിക്കാനായി. 100 കടകൾക്ക് 1 ക്ലസ്റ്റർ എന്ന രീതിയിൽ ടൗണിലെ കടകളുടെ ക്ലസ്റ്റർ കമ്മിറ്റികളും രൂപീകരിച്ചു.

4 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ അജൈവ മാലിന്യ സംഭരണ കേന്ദ്രത്തിലെത്തി. 600 Kg ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് നൽകി. ബാക്കി ബെയിലിങ്ങ് ചെയ്ത് അടുക്കി വെക്കുന്നു. 40 രൂപയാണ് വീടുകളിൽ നിന്നുള്ള യൂസർ ഫീസ്. അത് ശേഖരിക്കുന്ന കാര്യത്തിൽ 40 ശതമാനം പുരോഗതിയെ ഉണ്ടായിട്ടുള്ളു എന്നതൊരു പരിമിതിയാണ്. അത് പരിഹരിക്കാനായി, പണം നൽകാത്തവർക്ക് പഞ്ചായത്തിൽ നിന്ന് നോട്ടീസ് അയക്കുകയും, തുടർന്ന് പലരും ഒരുമിച്ച് കൊണ്ടുവന്ന് അടക്കുന്ന പ്രവണത ഉണ്ടായിട്ടുണ്ട്.

ഹരിതസഹായ സ്ഥാപനമായ ഐ.ആർ.ടി.സിയുടെ സഹായത്തോടെ നിരവധി പ്രവർത്തനങ്ങൾ തുടർച്ചയായി സംഘടിപ്പിച്ചു. വലയസൂര്യഗ്രഹണത്തെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങൾക്കെതിരെയും, കാൻസർ ബോധവൽക്കരണത്തെക്കുറിച്ചും ക്ലാസുകൾ സംഘടിപ്പിച്ചു.

ഹരിത കർമ്മ സേന അംഗങ്ങൾക്കായി തുണി സഞ്ചി നിർമ്മാണ പരിശീലനം നടത്തി. 360 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ശുചിത്വ പ്രതിജ്ഞ എടുപ്പിച്ചു. മുഴുവൻ വിദ്യാലയങ്ങളിലും ശുചിത്വ അസംബ്ലി സംഘടിപ്പിച്ചു. എല്ലാ വിദ്യാലയങ്ങളേയും ഹരിതവിദ്യാലയങ്ങളാക്കുക, എന്ന ലക്ഷ്യം വെച്ച് സ്കൂളുകളിൽ ഒരു സർവ്വെ നടത്തി. സ്ഥാപനങ്ങളിലും, മുഴുവൻ ആഘോഷ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി. ഡിസംബറിനകം തന്നെ 36 വിവാഹങ്ങൾ, വിവിധ മത പരിപാടികൾ, എല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാണ് നടത്തിയത്.പിന്നീട് പഞ്ചായത്തിലാകെ ഈ പ്രവർത്തനം ജനങ്ങൾ ഏറ്റെടുത്തു.

ഹരിത സൗഹ്യദ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു ഗ്രീൻ ഷോപ്പ് ആരംഭിച്ചു. പുറത്തൂർ പഞ്ചായത്തിലെ മുഴുവൻ ആഘോഷ പരിപാടികൾ, വിവാഹങ്ങൾ എന്നിവക്കായി ഹരിത സൗഹ്യദ ഉത്പ്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം, വാഴയിലയും, ജൈവ പച്ചക്കറികളുമാണ് ഇപ്പോൾ ഉള്ളത്, ക്രമേണ വിപുലീകരിക്കും. ഇനിയും മുന്നേറേണ്ടതുണ്ടെങ്കിലും പഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ,അതിന് ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്താനും കഴിഞ്ഞു എന്നുള്ളത് ശുഭാപ്തി വിശ്വാസം നൽകുന്നതാണ്.



# മാലിന്യവും സമ്പത്ത്

# ഏറാമലയുടെ അനുഭവപാഠങ്ങൾ

**കോഴിക്കോട്:** മാലിന്യം പലർക്കും ദുരിതമാണെങ്കിലും ഏറാമല പഞ്ചായത്തിൽ അതൊരു സമ്പത്താണ്. അതിൽ നിന്ന് ലഭിക്കുന്ന സ്ഥിരവരുമാനം കൊണ്ട് 38 കുടുംബങ്ങൾ സുസ്ഥിര ജീവിതം നയിക്കുകയാണിപ്പോൾ. അഞ്ചുപേർ ജൈവമാലിന്യ സംസ്കരണ രംഗത്തും 33 പേർ അജൈവ മാലിന്യ സംസ്കരണ രംഗത്തും പ്രവർത്തിച്ച് ഏറാമല ഗ്രാമപഞ്ചായത്തിലെ മാലിന്യസംസകരണ രംഗത്ത് പുത്തൻ മാതൃക സൃഷ്ടിക്കുകയാണ്.

ഐ.ആർ.ടി.സിയുടെ സഹായത്തോടെ ജൈവ മാലിന്യ സംസ്കരണത്തിന് 2019 മുതൽ പ്രവർത്തിച്ച വരുന്ന 'ഹരിതതീരം' ജൈവമാലിന്യ പ്ലാന്റിൽ 5 വിദഗ്ധ തൊഴിലാളികളാണുള്ളത്. ഏറാമല ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും കടകളിലെയും പൊതുപരിപാടികളിലെയും ജൈവമാലിന്യം പ്ലാന്റിലെത്തിച്ച വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ സംസ്കരിച്ച് വളമാക്കി മാറ്റുന്നു. ഈ ജൈവ വളമാണ് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. അതോടൊപ്പം ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനു വേണ്ടി 4000 കമ്പോസ്റ്റ കുഴികളും 14 കമ്പോസ്റ്റ് ഉപകരണങ്ങളും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 1245623 രൂപ ചിലവഴിച്ച വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

19 വാർഡുകളിൽ നിന്ന് 2 പേരെ വീതം തിരഞ്ഞെടുത്തു ആകെ 38 ഹരിതകർമ്മസേനാംഗങ്ങൾ ആണ് ഉള്ളത്. അവർ എല്ലാ മാസവും മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ അജൈവമാലിന്യം ശേഖരിക്കുന്നു. വർഷത്തിൽ ഒരു തവണ കുപ്പി/ കുപ്പിച്ചില്ലുകൾ, ചെരുപ്പുകൾ, ബാഗുകൾ, ടയർ, പഴയ ഡ്രെസ്സുകൾ എന്നിവയും ശേഖരിക്കുന്നുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിന് MCF കൂടാതെ 14 മിനി MRF കൾ സ്ഥാപിച്ചിട്ടുണ്ട്. 2018 നവംബർ 1 മുതൽ എല്ലാ മാസവും വീടുകളിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയും യൂസർ ഫീ ആയി വാങ്ങിക്കൊണ്ട് അജൈവമാലിന്യ ശേഖരണം നടത്തുന്നുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി മുഴുവൻ വീടുകൾക്കും കടകൾക്കും യൂസർ ഫീ കളക്ഷൻ കാർഡും ബോധവൽക്കരണത്തിന് ബ്രോഷറും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. വലിയ ജനകീയ പങ്കാളിത്തമാണ് ഏറാമലയുടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടായത്. 19 വാർഡുകളിലും വാർഡ് തല ശുചിത്വ മാലിന്യ സംസ്കരണ കമ്മിറ്റികളും ഓരോ വാർഡിലും 6 മുതൽ 8 വരെ ക്ലസ്റ്ററുകളും പ്രവർത്തിക്കുന്നുണ്ട്. ടൗണിലും വാർഡുകളിലുമായി 148 ക്ലസ്റ്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ടൗണിലെ അജൈവമാലിന്യ ശേഖരണം നിരീക്ഷിക്കുന്നതിനും തടസ്സങ്ങൾ ഒന്നും നേരിടാതിരിക്കാനും ഏഴ് അംഗങ്ങൾ വീതമുള്ള 5 സബ് കമ്മിറ്റികൾ കച്ചവടക്കാരുടേതായി പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ ആകെയുള്ള 9408 വീടുകളിൽ ശരാശരി 7250 വീട്ടുകാരും 30 രൂപ യൂസർ ഫീ നൽകി കൊണ്ട് അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നുണ്ട്. ശരാശരി പ്രതിമാസം ലഭിക്കുന്ന യൂസർഫീ 2,50,000 രൂപയും അജൈവമാലിന്യങ്ങൾ തരം തിരിച്ച് വില്പന നടത്തുന്നത് വഴി പ്രതിമാസം 15,000 രൂപയും ലഭിക്കുന്നുണ്ട്. 15 മാസം കൊണ്ട് യൂസർഫീ ഇനത്തിൽ ലഭിച്ച ആകെ തുക 36, 00,000 രൂപയാണ്. ഒരു ഹരിതകർമ്മ സേന അംഗത്തിന് പ്രതിമാസം 7500 രൂപയും ലഭിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ ആദ്യമായി ഒരു പഞ്ചായത്തിൽ ഹരിത കർമ്മസേനയ്ക്ക് ഓഫീസ് സൗകര്യം ഒരുക്കിയതും ഏറാമല പഞ്ചായത്തിലാണ്. ഓഫീസിനടുത്ത് ഐ.ആർ.ടി.സി. സ്ഥാപിച്ച ബയോഗ്യാസ് പ്ലാൻറ്, ഹരിതകർമ്മസേനാംഗങ്ങൾക്ക് ഭക്ഷണം പാചകം ചെയ്യാൻ ഉപയോഗിക്കുന്നുമുണ്ട്. ഹരിതകർമ്മസേനക്ക് ആവശ്യമായ യൂണിഫോം, ഗ്ലൗസ്, മാസ്ക്, തൊപ്പി, ഐഡൻറിറ്റി കാർഡ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണത്തിന് പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്. 2019ൽ മാത്രം 52 ശുചിത്വ സാക്ഷരതാ ക്ളാസുകൾ പഞ്ചായത്തിൽ നടത്തി. ശുചിത്വ നിയമങ്ങളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തി 32,000 രൂപ പിഴ തുകയായി ഈടാക്കി.

മാലിന്യ സംസ്കരണത്തിൽ മേഖലയിൽ മാത്രമല്ല, എല്ലാ വീടുകളിലും പച്ചക്കറി കൃഷി, തരിശ് നില കൃഷി തുടങ്ങിയ പദ്ധതികളുമായി കാർഷിക മേഖലയിലും കിണർ റീചാർജിങ് പോലുള്ള പ്രവർത്തനങ്ങളുമായി ജലസംരക്ഷണ മേഖലയിലും പുതിയ മാതൃക കാഴ്ച വെക്കുകയാണ് ഏറാമല.

# അമ്പലപ്പാറ പഞ്ചായത്ത് ബഹുദൂരം മുന്നിൽ

- 28 വാർഡുകളിലായി 28 ഹരിതകർമസേനാംഗങ്ങൾ
- 13,000 ൽ നിന്നും 25,000 രൂപയായി ശരാശരി യൂസർഫീ വരുമാനം ഉയർന്നു

**പാലക്കാട്:** അമ്പലപ്പാറ പഞ്ചായത്തിലെ ഹരിത സഹായ സ്ഥാപനമായി ഐ.ആർ.ടി.സി. ചുമതല ഏൽക്കുന്നത് 2019 ജൂലൈ മൂന്നിനാണ്. തുടർന്ന് 20 വാർഡുകളിലേക്കായി 40 ഹരിത കർമ്മ സേന അംഗങ്ങളെ നിയോഗിച്ചു. ഓരോ വാർഡുകളിലും നടത്തിയ അഞ്ച് ക്ലസ്റ്റർ യോഗങ്ങളിലൂടെ എല്ലാ വീട്ടുകാരെയും പങ്കെടുപ്പിക്കുകയും ചെയ്തു.

പഞ്ചായത്തിലെ വ്യാപാരി വ്യവസായികളുടെയും, കാറ്ററിംഗ് അസോസിയേഷനുകളുടെയും മണ്ഡപങ്ങളുടെയും എല്ലാം യോഗം ചേർന്നു. മാലിന്യപരിപാലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ച് വിപുലമായ ബോധവത്കരണം നടത്തി.

പഞ്ചായത്തിലെ യുവജന ക്ലബുകൾ, വായനശാലകൾ എന്നിവയുടെ യോഗം ചേർന്നു യുവാക്കളുടെ പങ്ക് ഉറപ്പാക്കി. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം വിതരണം ചെയ്യാനും സുരക്ഷ ഒരുക്കാനും എല്ലാം ഐ.ആർ.ടി.സിയുടെ ഇടപെടലിലൂടെ സാധിച്ചു.

പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ ആദ്യ കളക്ഷൻ നവംബറിൽ ആരംഭിച്ചു. ആദ്യ ഘട്ട കളക്ഷനിൽ തന്നെ 1,15000 രൂപ യൂസർ ഫീ ഇനത്തിൽ ലഭിച്ചു. എല്ലാ വാർഡ്കളിലെയും മെമ്പർമാർ നല്ല രീതിയിൽ തന്നെ ഇടപെടൽ നടത്തി. അതുകൊണ്ട് തന്നെ അംഗങ്ങൾക്ക് നല്ല പ്രതികരണമാണ് നാട്ടുകാരിൽ നിന്നും ലഭിച്ചത്. ഹരിതകർമ്മസേ അംഗങ്ങൾക്ക് പൂർണ്ണ പിൻതുണയും നൽകി കൊണ്ട് പഞ്ചായത്ത് ഒപ്പം തന്നെയുണ്ട്. അംഗങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനായി നികുതി പിരിവിൽ സഹായിക്കാനും ഹരിതകർമ്മസേനയെ ഏല്പിച്ചതോടെ പഞ്ചായത്തിലെ ഏറ്റവും സ്വീകാര്യതയുള്ള സംവിധാനമായി അതു മാറി. രണ്ടാം ഘട്ട കളക്ഷനിൽ 1,45000 രൂപ യൂസർ ഫീ ഇനത്തിൽ ലഭിച്ചു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി വേർതിരിക്കുന്നതിൽ എല്ലാം ക്ലാസുകൾ ഐ .ആർ.ടി.സി.യുടെ നേതൃത്വത്തിൽ നൽകിയതിനെ തുടർന്ന് സെഗ്രിഗേഷനും നല്ല രീതിയിൽ നടന്നു കൊണ്ടിരിക്കുന്നു. 3ആം ഘട്ട കളക്ഷനിൽ 1254540 രൂപ യൂസർ ഫീ ഇനത്തിൽ ഹരിതകർമ്മസേനയ്ക്ക് ലഭിച്ചു. കൃത്യമായ റിവ്യൂ മീറ്റിംഗുകളും തുടർ പരിപാടികളുമായി ബഹുദൂരം മുന്നിലാണ് അമ്പലപ്പാറയിലെ പ്രവർത്തനങ്ങൾ.



**അമ്പലപ്പാറ പഞ്ചായത്തിലെ ആറാം വാർഡിൽ ഹരിതകർമസേന അജൈവ മാലിന്യങ്ങൾ ശേഖരിച്ച**